# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പാലമേൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.3/358/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാലമേൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.3/358/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 25-02-2022 | 08-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-02-2022 | 08-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ, ഓഡിറ്റ് ഓഫിസർ
ശ്രീമതി. മായാദേവി.സി.എസ്സ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ശ്രീ.ഉണ്ണിക്കൃഷ്ണൻ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ഓമന വിജയൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.മണിയപ്പൻ.പി.വി | സെക്രട്ടറി | 01-04-2019 | 12-01-2020 |
| ശ്രീമതി.നാസില.സി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-01-2020 | 31-01-2020 |
| ശ്രീ.മണിയപ്പൻ.പി.വി | സെക്രട്ടറി | 01-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാജശ്രീ.പി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.സന്തോഷ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.പാർവ്വതി | ആയുർവേദ മെഡിക്കൽ ഓഫിസർ | 01-04-2019 | 31-03-2020 |
| ഡോ.അബ്ദുൾ റസാഖ് | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി ജയശ്രീ | ഹെഡ്സ് മിസ്ട്രസ്സ് | 01-04-2019 | 31-03-2020 |
| ശ്രീ.ഋഷി | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. നാസില. സി.എ | അസി. സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.അനിൽകുമാർ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2019 | 31-03-2020 |
| ശ്രീ.വികാസ്.ജേക്കബ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫിസർ | 01-04-2019 | 31-03-2020 |
| ശ്രീമതി.കല.ജി.പ്രീത | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2019 | 11-12-2019 |
| ശ്രീമതി.അമിത.സി.എ | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-01-2020 | 31-03-2020 |
| ഡോ.തനൂജ.പി.വി. | മൈഡിക്കൽ ഓഫിസർ പി.എച്ച്.സി | 01-04-2019 | 14-04-2019 |
| ഡോ.മോബി കുര്യൻ | മൈഡിക്കൽ ഓഫിസർ പി.എച്ച്.സി | 15-04-2019 | 01-11-2019 |
| ഡോ.അനൂപ്.സി | മെഡിക്കൽ ഓഫിസർ പി.എച്ച്.സി | 02-11-2019 | 29-01-2020 |
| ഡോ.മോബി കുര്യൻ | മെഡിക്കൽ ഓഫിസർ പി.എച്ച്.സി | 30-01-2020 | 31-03-2020 |
| ശ്രീമതി സന്ധ്യ.ജി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 02-08-2019 |
| ശ്രീ.ശ്രീജിത്. | അസിസ്റ്റന്റ് എഞ്ചിനിയർ | 03-08-2019 | 18-08-2019 |
| ശ്രീ.സതീഷ്കുമാർ പി | അസിസ്റ്റന്റ് എഞ്ചിനിയർ | 19-08-2019 | 01-02-2020 |
| ശ്രീമതി.ആര്യ.എസ്സ്.എസ്സ | അസിസ്റ്റന്റ് എഞ്ചിനിയർ | 02-02-2020 | 31-03-2020 |

12-12-2019 മുതൽ 31-12-2019 വരെ ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ തസ്തിക ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 07-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 27-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 07-03-2022) | 1-2 |
| 3 | വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ<br>Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 27-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 27-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 27-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-03-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 23-03-2022) | 1-6 |
| 8 | വിവിധക്ഷേമ പദ്ധതികൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 23-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Mini.P.Radhakrishnan (Audit Officer, On 14-03-2022)<br>Last Updated By: Sindhya.P (Asst. Audit Officer, On 24-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 1-9 |
| 11 | ജീവനക്കാരുടെ തൊഴിൽ നികുതി- പൂർണ്ണമായും ഡിമാൻഡ് ചെയ്യിട്ടില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-10 |
| 12 | സ്ഥാപനങ്ങളുടെ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി-പൂർണ്ണമായും ഈടാക്കിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-11 |
| 13 | തൊഴിൽ നികുതി സ്രോതസ്സുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-12 |
| 14 | വസ്തുനികുതി- ആകെ തറവിസ്തൃതി കണക്കാക്കാതെ അടിസ്ഥാന നികുതി നിരക്ക് ചുമത്തിയത് മൂലമുള്ള നഷ്ടം<br>Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-13 |
| 15 | വസ്തുനികുതി- വഴിസൌകര്യത്തിനനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തിയില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-14 |
| 16 | വസ്തുനികുതി-തറവിസ്തൃതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തിയില്ല | 1-15 |

| | | |
|---|---|---|
| | Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | |
| 17 | ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തുന്നില്ല<br>Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-16 |
| 18 | വസ്തുനികുതി- അനർഹമായ ഇളവുകൾ പുനപരിശോധിക്കേണ്ടതാണ്<br>Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-17 |
| 19 | വാടക - നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസ്സം -തനത് വരുമാന ചോർച്ചക്കിടയാക്കുന്നു.<br>Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 1-18 |
| 20 | ടെണ്ടർ ഫീ 59725/- രൂപ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 09-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 1-19 |
| 21 | 1.41 കോടി രൂപ വിനിയോഗ വിവരങ്ങളില്ലാതെ നിക്ഷേപമായി തുടരുന്നു.<br>Written By: Mini.P.Radhakrishnan (Audit Officer, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 1-20 |
| 22 | ഇ.എം.എസ്സ് ഭവന പദ്ധതി 27,31,041/- രൂപ പഞ്ചായത്തിന്റെ ബാധ്യതാകണക്കിൽ<br>Written By: Mini.P.Radhakrishnan (Audit Officer, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-21 |
| 23 | ഓട്ടോറിക്ഷാ വാങ്ങൽ -സബ്സിഡിയിൽ അധികരിച്ച് 60000 രൂപ ചെലവഴിച്ചിരിക്കുന്നു<br>Written By: Sindhya.P (Asst. Audit Officer, On 09-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-22 |
| 24 | കെ.എസ്.ഇ.ബി നൽകുന്ന ബില്ലിൽ തെരുവ് വിളക്കുകളുടെ അയഥാർത്ഥ കണക്കുകൾ പഞ്ചായത്ത് ഫണ്ടിന് ലക്ഷങ്ങൾ നഷ്ടപ്പെടുന്നു.<br>Written By: Unnikrishnan C (Senior Grade Auditor, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 1-23 |
| 25 | തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നടപ്പായില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 12-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-24 |
| 26 | വിവിധോദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കപ്പെട്ടില്ല-7.43 ലക്ഷം രൂപ നിക്ഷേപമായി<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-25 |
| 27 | ഇല്ലാത്ത തസ്തികകളിൽ താല്ക്കാലിക നിയമനം<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-26 |
| 28 | മത്സ്യ മാർക്കറ്റ് പ്രവർത്തന ക്ഷമമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-27 |
| 29 | ആവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 305458 രൂപ തടസ്സത്തിൽ വയ്ക്കുന്നു .<br>Written By: Sindhya.P (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-28 |
| 30 | കുടിവെള്ള പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-29 |
| 31 | ആരോഗ്യ ജാഗ്രതാ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | |
| 32 | ഔഷധക്കഞ്ഞി വിതരണം നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-31 |
| 33 | 59090/- രൂപ ശുചിത്വമിഷൻ അക്കൌണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 14-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-32 |
| 34 | പച്ചക്കറി ശീതീകരണ സംഭരണി- നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 1-33 |
| 35 | പ്രവേശനോത്സവം- നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-34 |
| 36 | മെറ്റീരിയൽ വർക്കുകളിൽ നിന്നും ജി.എസ്സ്.ടി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 09-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-35 |
| 37 | വാഴകൃഷിയ്ക്ക് വിത്തും വളവും- വളം വാങ്ങിയതിന്റെ രേഖകൾ അപൂർണ്ണം<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-36 |
| 38 | പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ - വിശദാംശങ്ങൾ ലഭിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 1-37 |
| 39 | ഓഫീസ് ശുചീകരണം- പുറമെ നിന്നുള്ള തൊഴിലാളികളെ ഏർപ്പെടുത്തി<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-38 |
| 40 | പാലിയേറ്റീവ് കെയർ -മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല<br>Written By: C.S Mayadevi (Asst. Audit Officer, On 12-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 1-39 |
| 41 | ആർത്തവ ശുചിത്വ പരിപാലന പദ്ധതി നടപ്പായില്ല-149998 രൂപ വനിതാ വികസന കോർപ്പറേഷനിൽ നിക്ഷേപമായി<br>Written By: C.S Mayadevi (Asst. Audit Officer, On 11-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-40 |
| 42 | അങ്കണവാടികളുടെ ഭൗതിക സാഹചര്യം<br>Written By: Sindhya.P (Asst. Audit Officer, On 09-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-41 |
| 43 | ഹരിതകർമ്മസേന<br>Written By: Sindhya.P (Asst. Audit Officer, On 09-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 24-03-2022) | 1-42 |
| 44 | ലൈഫ് ഭവന പദ്ധതി<br>Written By: Sindhya.P (Asst. Audit Officer, On 12-03-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 1-43 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഓട്ടോറിക്ഷാ വാങ്ങൽ -സബ്സിഡിയിൽ അധികരിച്ച് 60000 രൂപ ചെലവഴിച്ചിരിക്കുന്നു<br>Written By: Sindhya.P (Asst. Audit Officer, On 09-03-2022)<br>Last Updated By: Sindhya.P (Asst. Audit Officer, On 09-03-2022) | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 4-3 |
| 4 | വായ്പ/ വായ്പാതിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 07-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 4-7 |
| 8 | ചാർജ്ജ്/ സർചാർജ്ജ് നടപടിയുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 28-02-2022)<br>Last Updated By: Mini.P.Radhakrishnan (Audit Officer, On 25-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 26.02.2019 തീയതിയിലെ1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 305631000 | 319648176 |
| വാർഷിക കണക്ക് പ്രകാരം | 135060981 | 143421751 |

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 28-05-2020 |

### 1-2-1 വാർഷിക കണക്കുകൾ സംബന്ധിക്കുന്ന പരാമർശങ്ങൾ

1. ഉറവിടത്തിൽ കുറവ് ചെയ്ത തുക മുഴുവൻ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല.

I-6 ൽ ഉൾപ്പെടുത്തിയ വികസനഫണ്ട് പൊതു വിഭാഗം എസ്.സിപി എന്നിവയുടെ മൂന്നാം ഗഡുവിൽ, ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത താഴെ പറയുന്ന തുകകൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഉത്തരവ് | തുക |
|---|---|---|
| ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | GO(Rt) No.10050/2019/Fin | 816176 |
| ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | GO(Rt) No.10050/2019/Fin | 294118 |
| ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരിച്ചടവ് | GO(Rt) No.10050/2019/Fin | 7353 |
| 18-19 ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ഈടാക്കുന്ന തുക | GO(Rt) No.10050/2019/Fin | 1314000 |

2. അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുവാൻ നിർദ്ദേശിച്ചിരുന്ന തുകകൾ സുലേഖ സോഫ്റ്റ്വേറിൽ പ്രോജക്ട് തയ്യാറാക്കി ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

| ഇനം | തുക | |
|---|---|---|
| 18-19 ൽ അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുക | 438000 | GO(Rt) No.2772/2019/Fin |
| | 438000 | GO(Rt) No.6105/2019/Fin |
| | 438000 | GO(Rt) No.10050/2019/Fin |

| | | |
|---|---|---|
| ആകെ | 1314000 | |

3. ലോണിന്റെ സോഴ്സ് ഡിഡക്ഷൻ- KURDFC ലോൺ ഇനത്തിൽ താഴെ പറയും പ്രകാരം തുകകൾ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്.എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം കുറവ് ചെയ്ത തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്താതിരുന്നതിനാൽ ബാധ്യതയായി അവശേഷിക്കുന്ന ലോൺ സംബന്ധിച്ച കണക്കുകളിൽ പിശക് വന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക | ഫണ്ടിനം |
|---|---|---|---|
| 1 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരച്ചടവ് | 1632353 | വികസന ഫണ്ട്(പൊതുവിഭാഗം) |
| 2 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരച്ചടവ് | 588235 | വികസന ഫണ്ട് (എസ്.സി.പി) |
| 3 | ലൈഫ് മിഷന് KURDFC മുഖേന ഹഡ്കോയിൽ നിന്നും അനുവദിച്ച വായ്പയുടെ മുതൽ തിരച്ചടവ് | 14706 | വികസന ഫണ്ട് (ടി.എസ്.പി) |
| | ആകെ | 22,35,294 | |

സർക്കാർ ഉത്തരവ് GO(Rt)6105/2019/Fin Dtd 01/08/2019 പ്രകാരം ഉറവിടത്തിൽ കുറവ് ചെയ്ത 11,17,647 രൂപ മാത്രമാണ് KURDFC ലോൺ തിരിച്ചടവ് എന്നരീതിയിൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയത്. GO(Rt)10050/2019/Fin Dtd 21/12/2019 പ്രകാരം 11,17,647 രൂപ കൂടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. എന്നാൽ പ്രസ്തുത തുക വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള ലോൺ കണക്കുകളിൽ വ്യത്യാസം വന്നു.

4. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ട്രേഡേഴ്സിന്റെയും സ്ഥാപനങ്ങളുടെയും പ്രൊഫഷണൽസിന്റെയും തൊഴിൽ നികുതിയിനത്തിൽ പത്തിലധികം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കുടിശ്ശികയുണ്ട്. എന്നാൽ വാർഷിക കണക്കുകളിലെ B-15 പട്ടികയിൽ തൊഴിൽനികുതി കുടിശ്ശിക ഉൾപ്പെടുത്തിയിട്ടില്ല.

5. KURDFC ലോൺ ബി-5 പട്ടികയിൽ ഉൾപ്പെടുത്തിയ തുകയും (Outstanding Loan), ബി-16 പട്ടികയിൽ ഉൾപ്പെടുത്തിയ തുകയും തമ്മിൽ 2,60,000 രൂപയുടെ വ്യത്യാസമുണ്ട്. ലഭ്യമായ ലോണിൽ ഗുണഭോക്താവിന് വിതരണം ചെയ്യാത്ത തുകയാണിതെങ്കിൽ ഈ തുക സാമ്പത്തിക വർഷാവസാനം സൂക്ഷിച്ചിരുന്ന അക്കൌണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കി, നിലവിലെ സ്ഥിതി അറിയിക്കുക.

6. നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന മുൻകൂറുകൾ വാർഷിക കണക്കുകളിൽ മുൻകൂർ എന്ന നിലയിൽ ഉൾപ്പെടുത്തുന്നില്ല. പകരം *പേയ്മെന്റ്* എന്ന നിലക്കാണ് അക്കൌണ്ട് ചെയ്യുന്നത്. ആയതിനാൽ പ്രവർത്തിയുടെ നിർവ്വഹണം , തുകയുടെ വിനിയോഗം എന്നിവ നിരീക്ഷിക്കാനാവില്ല.

ഉദാ- പൈപ്പ്ൻ ലൈൻ എക്സ്റ്റെൻഷൻ നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റിക്ക് 3,00,000രൂപ ബിൽ നം 3 / 13-05-2019 പ്രകാരം നൽകിയെങ്കിലും ഈ തുക അഡ്വാൻസായി അക്കൌണ്ട് ചെയ്യുകയോ അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.വാർഷികകണക്കുകളിലെ ഈ അപാകം പരിഹരിക്കേണ്ടതാണ്.

7.സോഴ്സ് ഡിഡക്ഷൻ തുകകൾ പ്രോജക്ടുകൾ രൂപീകരിച്ച് സുലേഖയിൽ ഉൾപ്പെടുത്തിയില്ല.

8.അദർ അഡ്വാൻസ് എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 40886 രൂപ, ലെഡ്ജർ പ്രകാരം പ്രേരക് മാർക്ക് ഓണറേറിയം നല്കിയ തുകയിൽ തിരികെ ലഭിക്കുവാനുള്ളതാണ്.ഈതുകയുടെ നിലവിലെ സ്ഥിതി പരിശോധിച്ച്

റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9.13-07-2018 ൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സിക്ക് നൽകിയ 7258 രൂപ ക്രമീകരിക്കാതെ നിലവിലും വാർഷിക കണക്കിൽ അഡ്വാൻസായി തുടരുന്നു. പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

10. വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയ EFMS തുകയും MGNREGS ക്യാഷ് ബുക്കിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല.

11.വാർഷിക കണക്കുകളിൽ താഴെ പറയുന്ന ഹെഡ്ഡുകൾ പ്രകാരം രൂപ കേരള വാട്ടർ അതോറിറ്റി , കേരള ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ ഏജൻസികളുടെ പക്കൽ പണം മുടങ്ങിക്കിടക്കുന്നു. വിനിയോഗവിവരങ്ങൾ ശരിയായി അപ്ഡേറ്റ് ചെയ്യാത്തതുമൂലമാണോയെന്ന് പരിശോധിച്ചുറപ്പാക്കാനുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ ഈ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

| ഹെഡ് കോഡ് | തുക | ഏജൻസി |
|---|---|---|
| 460500201 | 10,00,000 | കേരള വാട്ടർ അതോറിറ്റി |
| 460500204 | 1,31,36,151 | കേരള ഗ്രൗണ്ട് വാട്ടർ വകുപ്പ് |

12. ഗുണഭോക്തൃവിഹിതമിനത്തിൽ 81,041 രൂപ പഞ്ചായത്തിന്റെ ബാധ്യതഹെഡ്ഡിൽ തുടരുന്നു. മുന്നിരിപ്പായി നിൽക്കുന്ന ഈ തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കി വാർഷിക കണക്കിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

13. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 19-08-2019 ൽ വരവ് വന്ന ഓഡിറ്റ് റിക്കവറി പഞ്ചായത്തിന്റെ ഋണശീർഷ കണക്കുകളിൽ ഉൾപ്പെടുന്നതാണോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

14. 350300109 എന്ന ഹെഡ്ഡിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള രൂപയുടെ കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 31925609 |
| വരവ് | 90736186 |
| ആകെ | 122661795 |
| ചെലവ് | 93733293 |
| നീക്കിയിരിപ്പ് | 28928502 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 60000 |
| തടസ്സപ്പെടുത്തിയ തുക | 14,43,184 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|---|
| | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | |
| വികസനഫണ്ട് പൊതുവിഭാഗം | - | | 15089647 | 15089647 | | 13232577 | 1857070 |
| വികസനഫണ്ട് എസ്.സി.പി. | - | | 13065765 | 13065765 | | 7315177 | 5750588 |
| വികസനഫണ്ട് | - | | 138294 | 138294 | | 138294 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ടി.എസ്.പി. | | | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | | 13787399 | 13787399 | | 6290598 | 7496801 |
| സംരക്ഷണഗ്രാന്റ് റോഡ് | - | | 12041000 | 12041000 | | 128291 | 11912709 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | | 5248000 | 5248000 | | 4867338 | 380662 |
| | - | | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 199 | 168311088 | 62 | 72640576 | 50 | 87 | 31.16% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4540 | 1212460 | 1217000 | 718160 | 498840 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 43991205 | 43991205 | 43991205 | |

## 1-7 വിവിധക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 250680 | 48 |
| കർഷകതൊഴിലാളി പെൻഷൻ | 1555800 | 464 |
| വിധവ പെൻഷൻ | 5263200 | 1112 |
| വാർദ്ധക്യകാല പെൻഷൻ | 10318500 | 2110 |
| വികലാംഗ പെൻഷൻ | 1334400 | 307 |
| അവിവാഹിത പെൻഷൻ | 214200 | 73 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.02.2022 ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21153/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

താഴെ ചേർക്കുന്ന കാര്യങ്ങൾ ഒഴികെ ,ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്.തനതു വരുമാനങ്ങളായ തൊഴിൽ നികുതി,വാടക കുടിശ്ശിക എന്നിവ ഈടാക്കുന്നതിൽ കൂടതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്.ടെണ്ടർ നടപടികൾ സുതാര്യമാക്കി പർച്ചേസുകൾ നടത്തുന്നതിന് പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്. പുറംപോക്ക് ഭൂമികൾ കൈയ്യേറുന്നതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ പഞ്ചായത്തിലുണ്ട്. ഭൂമി കൈയ്യേറുന്നതായുള്ള പരാതികൾ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും ഭൂമിയുടെ സംരക്ഷണം തൃപ്തികരമല്ലന്ന വ്യക്തമാകുന്നു.പുറംപോക്ക് ഭൂമിയെപ്പറ്റിയുള്ള വിവരങ്ങൾ കൃത്യമായി എഴുതി സൂക്ഷിച്ച് പരാതികളിൽ താമസംകൂടാതെ തുടർനടപടികൾ സ്വീകരിക്കുന്നതിൽ കൂടതൽ ശ്രദ്ധ അനിവാര്യമാണ്. നിക്ഷേപ പ്രവർത്തികളിൽ നിർവ്വഹണ ഏജൻസികളുമായി കരാറിൽ ഏർപ്പെടേണ്ടതും കരാർ നിബന്ധന പ്രകാരം തുക കൈമാറി തുടർപ്രവർത്തനങ്ങൾ വീക്ഷിക്കേണ്ടതുമാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കുറ്റമറ്റതാകാൻ കൂടതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ജീവനക്കാരുടെ തൊഴിൽ നികുതി- പൂർണ്ണമായും ഡിമാൻഡ് ചെയ്തീടാക്കിയില്ല

I ഗ്രാമപഞ്ചായത്തിന്റെ ജീവനക്കാരുടെ തൊഴിൽ നികുതി സംബന്ധിച്ച ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ

താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു

1.സൌപർണ്ണിക ഓഡിറ്റോറിയം.

2.സ്വാതി തീയേറ്റർ.

3.എ.വി.എം ഓഡിറ്റോറിയം.

തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം അറിയിക്കേണ്ടതാണ്.

II ഗ്രാമപഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്ന എല്ലാവരിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കാവുന്നതാണ്.എന്നാൽ പാലമേൽ ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ആർദ്രം മിഷന്റെ ഭാഗമായി നിയമിച്ചിട്ടുള്ള ജീവനക്കാർ, പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ ഭാഗമായി നിയമിച്ചിട്ടുള്ള ജീവനക്കാർ എന്നിവരിൽനിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നില്ല. . തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 സ്ഥാപനങ്ങളുടെ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി-പൂർണ്ണമായും ഈടാക്കിയില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനങ്ങളുടെ /ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ഈടാക്കിയിട്ടുണ്ടെങ്കിൽ രസീതിന്റെ/ ഡേബുക്കിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.തീയതി)മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | KSFE നൂറനാട് | I & II |
| 2 | Supplyco Supermarket | II |
| 3 | KSEB നൂറനാട് | I & II |
| 4 | കാനറ ബാങ്ക് നൂറനാട് | I & II |
| 5 | SBI നൂറനാട് | I & II |
| 6 | ഫെഡറൽ ബാങ്ക് നൂറനാട് | I |

| | | |
|---|---|---|
| 7 | ബി.എസ്.എൻ.എൽ നൂറനാട് | I & II |
| 8 | പാലമേൽ എസ്.സി.ബി 4018 | II |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ് നൂറനാട് | I & II |
| 10 | ഇൻഡ്യൻ ഓവർസീസ് ബാങ്ക് നൂറനാട് | I & II |
| 11 | മുത്തൂറ്റ് ഫിൻകോർപ്പ് കുടശ്ശനാട് | I & II |
| 12 | ജില്ലാ സഹകരണ ബാങ്ക് ,നൂറനാട് | II |
| 13 | കെ.എസ്.സ്.ഡി.സി ലിമിറ്റഡ് Factory No-7 | I & II |
| 14 | എ& എ കോൺക്രീറ്റ് മിക്സ് കുടശ്ശനാട് | I & II |
| 15 | ഡി.ഡി.ആർ.സി നൂറനാട് | I & II |
| 16 | അഹല്യ മണി എക്‌ചേഞ്ച് | I & II |
| 17 | മുത്തൂറ്റ് ഫിനാൻസ് കുടശ്ശനാട് | I & II |
| 18 | സ്വാതി തീയേറ്റർ, നൂറനാട് | I & II |
| 19 | എ.വി.എം. ഓഡിറ്റോറിയം | I & II |
| 20 | സൌപർണ്ണിക ഓഡിറ്റോറിയം | I & II |

സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ രസീതിന്റെ പകർപ്പ് / ഡേബുക്കിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിൽ നിന്നുംസ്ഥാപനങ്ങളുടെ തൊഴിൽ നികുതി ചെയ്യ്തീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി സ്രോതസ്സുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ, അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം / വ്യക്തിയിൽ നിന്നും പഞ്ചായത്ത് രാജ് ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ലായെന്ന് വ്യക്തമായി.ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളെയൊന്നും തന്നെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I പഞ്ചായത്ത് പരിധിയിലെ ക്ഷീരസംഘങ്ങൾ

| | |
|---|---|
| 1 | കുടശ്ശനാട് ക്ഷീരോത്പാദക സഹകരണ സംഘം നം-A141 (D)APCOS |

| | |
|---|---|
| 2 | ഉളവുകാട് ക്ഷീരോത്പാദക സഹകരണ സംഘം<br>നം-A147(D)APCOS |
| 3 | ആദിക്കാട്ടുകളങ്ങര ക്ഷീരോത്പാദക സഹകരണ സംഘം<br>നം-A228(D)APCOS |
| 4 | തത്തംമുന്ന ക്ഷീരോത്പാദക സഹകരണ സംഘം<br>നം- A199 (D)APCOS |
| 5 | പാലമേൽ ക്ഷീരോത്പാദക സഹകരണ സംഘം<br>നം- A14 (D)APCOS |
| 6 | എരുമക്കുഴി ക്ഷീരോത്പാദക സഹകരണ സംഘം<br>നം- A263(D)APCOS |

II നോൺ ബാങ്കിംഗ് ഫിനാൻസ് സ്ഥാപനങ്ങൾ

1)എൻ.സി.എസ് ഫിനാൻസ് ,നൂറനാട്

2) ഇൻഡൽ മണി, നൂറനാട്

3) കെ.എൽ.എം ആക്സിവ ഫിൻവെസ്റ്റ് നൂറനാട്

4) മണിമുറ്റത്ത് നിധി ലിമിറ്റഡ് ,നൂറനാട്

III സഹകരണ സ്ഥാപനങ്ങൾ

1.പാലമേൽ സർവ്വീസ് സഹകരണ ബാങ്ക് നം- 4013 (പോലീസ് സ്റ്റേഷന് സമീപം നൂറനാട്)

( നം - 4018 സഹകരണ ബാങ്കിന്റെ തൊഴിൽനികുതി ,ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഒടുക്കുന്നുണ്ട്.)

2.റബ്ബർ കർഷക കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം-A246

3. മാവേലിക്കര റബ്ബർ മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം- A908

4,പാലമേൽ പട്ടികജാതി കോ-ഓപ്പറേറ്റീവ് സൊസൈറ്റി നം- A649

5.പാലമേൽ പഞ്ചായത്ത് വനിത കോ-ഓപ്പറേറ്റീവ് സോസൈറ്റി നം- A1144

6. കുടശ്ശനാട് സർവ്വീസ് സഹകരണ ബാങ്ക് നം- 443

IV

സൂപ്പർ മാർക്കറ്റുകൾ

1.മോർ ,നൂറനാട്

V സ്കൂളുകൾ

1) ശ്രീ ശബരി സെൻട്രൽ സ്കൂൾ , എരുമക്കുഴി, നൂറനാട്

2) ഹരിശ്രീ ഇംഗ്ലീഷ് മീഡിയം സ്കൂൾ,
പള്ളിമുക്ക്, നൂറനാട്

VI പെട്രോൾ പമ്പുകൾ

ജീവനക്കാരുടെ തൊഴിൽ നികുതി
(2 എണ്ണം)

ടി സ്ഥാപനങ്ങളൊന്നും 2019-20 ലെ തൊഴിൽ നികുതി സംബന്ധിക്കുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. സ്ഥാപനങ്ങൾ ആരംഭിച്ച തീയതി പരിശോധന വിധേയമാക്കി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്യേണ്ടതാണ്.

## 1-13 വസ്തുനികുതി- ആകെ തറവിസ്തൃതി കണക്കാക്കാതെ അടിസ്ഥാന നികുതി നിരക്ക്

ചുമത്തിയത് മൂലമുള്ള നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്റർ വരെയുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 40/- രൂപയും 100 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/-രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്താതെ ഉടമയുടെ ആവശ്യപ്രകാരം വ്യത്യസ്തനമ്പരുകൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ 100 ച.മീയിൽ കുറവ് വിസ്തൃതിയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി മാത്രമാണ് ചുമത്തിയതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട നമ്പരുകൾ | ആകെ വിസ്തൃതി |
|---|---|---|---|
| 1 | യോഹന്നാൻ ,കോശിഭവനം | 1/537 A, B, C, D, E, F G, H | 207.82 ച.മീ |
| 2 | അബുബക്കർ വലിയ വീട്ടയ്യത്ത് പടിഞ്ഞാറേതിൽ | 11/681മുതൽ 11/689 | 247 ച.മീ |
| 3 | ബിന്ദു, പ്രഭാനിവാസ്, മുതുകാട്ടുകുളങ്ങര | 1/129 C ,D, E, F | 306.67 ച.മീ |

ആകെ വിസ്തൃതിക്കനുസൃതമായി നികുതി ചുമത്താതിരുന്നത് വസ്തുനികുതി കുറയുന്നതിനിടയാക്കി. വസ്തുനികുതിയിൽ കുറവുണ്ടാകുന്ന രീതിയിൽ നികുതി നിർണ്ണയിച്ചതിന്റെ കാരണം വിശദീകരിക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം- 39 തീ-8/03/22 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആകെ വിസ്തൃതിക്കനുസൃതമായി വസ്തുനികുതി ചുമത്തി കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി- വഴിസൌകര്യത്തിനനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക -2 കെട്ടിടത്തിലേക്കുള്ള വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരം അഞ്ച് മീറ്ററിലധികം വിസ്തൃതിയുള്ള വഴി സൌകര്യം ഉണ്ടായിരുന്നിട്ടും അടിസ്ഥാനവസ്തുനികുതിയിൽ ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്താത്ത കെട്ടിടങ്ങളുടെ വിവരം ചുവടെ (ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട നമ്പർ |
|---|---|---|
| 1 | ഷീജ ,ഷെമീം ഖാൻ | 19/965 A |
| 2 | ബാബു ,മാവിലായിൽ | 4/354 A |
| 3 | വിദ്യ,ശ്രീനിവാസ് | 4/588 |

| | | B |
|---|---|---|

നികുതി പരിഷ്കരിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-15 വസ്തുനികുതി-തറവിസ്തൃതിക്കനുസൃതമായി അടിസ്ഥാന വസ്തുനികുതിയിൽ വർദ്ധനവ് വരുത്തിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജം )ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്,സിമന്റ് ,മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. വലിയ കെട്ടിടങ്ങളുടെ തറനിർമ്മിതി മേൽത്തരം വസ്തുക്കളാലാണെന്നിരിക്കെ സാധാരണതറ എന്ന നിലക്ക് രേഖപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വസ്തുനികുതി കുറയുന്നതിനിടയായിട്ടുണ്ട്. തറനിർമ്മിതിക്കനുസൃതമായി നികുതി ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പരും തറവിസ്തൃതിയും |
|---|---|---|
| 1 | ഷീജ, ഷമീം ഖാൻ | 19/965 A<br>262.74 ച.മീ |
| 2 | തോമസ്സ് ടി രാജൻ | 6/325 A<br>285.9 ച.മീ |

വിശദീകരണത്തിനായി സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം-38/8-3-22)മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി പരിഷ്കരിച്ചീടാക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

## 1-16 ഫ്യൂവൽ സ്റ്റേഷനുകളുടെ കാനോപ്പി ഭാഗത്തെ വസ്തുനികുതി ചുമത്തുന്നില്ല

2 ഫ്യൂവൽ സ്റ്റേഷനുകളാണ് പഞ്ചായത്ത് പരിധിയിലുള്ളത്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കും ഏറ്റവും കൂടിയ നിരക്കും സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനെ തുടർന്ന് പഞ്ചായത്തിന് നിശ്ചയിക്കാവുന്നതാണ്. ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി ചതുരശ്രമീറ്ററിന് 40 രൂപയായി പഞ്ചായത്ത് സമിതി തീരുമാനമെടുത്ത് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിലാണ് ഫ്യൂവൽ സ്റ്റേഷനുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നത്. സംസ്ഥാനപാതകൾക്ക് സമീപമായി സ്ഥിതിചെയ്യുന്നതും സമാനമായ ഇടപാടുകൾ നടക്കുന്നതുമായ ഫ്യൂവൽ സ്റ്റേഷനുകളാണ് ഇവയെല്ലാമെന്നിരിക്കെ വളരെ കുറഞ്ഞ വസ്തു നികുതി മാത്രമാണ് ചുമത്തപ്പെട്ടിട്ടുള്ളത്. സഞ്ചയ ഡേറ്റാ ബേസിലെ വിവരങ്ങൾ പ്രകാരം ഫ്യൂവൽ സ്റ്റേഷനുകളുടെ സെയിൽസ് റൂം ഓഫീസ് റൂം എന്നിവ മാത്രമാണ് നികുതി ചുമത്തിയതെന്നും കാനോപ്പി ഏരിയായോ ബങ്കുകളെയോ നികുതി ചുമത്തുന്നില്ലായെന്നും കാണുന്നു. ഫ്യൂവൽ സ്റ്റേഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നം | പരിഗണിച്ച തറവിസ്തൃതി | ചുമത്തിയ വസ്തുനികുതി |
|---|---|---|---|
| ആനന്ദൻ, സരസ്വതിഭവനം | 19/617A | 75m2 | 518 |
| ടെറിട്ടറി മാനേജർ ബിപിസിഎൽ | 12/151 | 53m2 | 648 |

ഇടപാടുകൾ നടക്കുന്ന ഭാഗത്തെ വസ്തുനികുതി ചുമത്താതെ പോകുന്നത് ഗ്രാമപഞ്ചായത്തിന് നികുതി ചോർച്ചയുണ്ടാക്കുന്നുണ്ട്. ഫ്യൂവൽ സ്റ്റേഷനുകളിലെ കാനോപ്പി ഏരിയ കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ചീടാക്കേണ്ടതാണ്.

## 1-17 വസ്തുനികുതി- അനർഹമായ ഇളവുകൾ പുനപരിശോധിക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 ൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയ നികുതി

ഒഴിവ് നൽകിയ കെട്ടിടങ്ങളുടെ പട്ടിക പരിശോധിച്ചതിൽ സമുദായ സംഘടനകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്കും ഈ ഒഴിവ് നൽകിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | കെട്ടിട നം | വിസ്തൃതി |
|---|---|---|---|
| 1 | എസ്സ്.എൻ.ഡി.പി മന്ദിരം | 1/413 | 394 ച.മീ |
| 2 | ഹിദായത്തുൾ ഇസ്ലാം സമാജം | 8/25 A | 50 ച.മീ |
| 3 | എൻ.എസ്സ്.എസ് കരയോഗമന്ദിരം | 16/451 | 9 ച.മീ |

ആരാധനാലയങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിച്ച് , അപ്രകാരമെങ്കിൽ ആരാധനാലയങ്ങളുടെ പട്ടികയിലേക്ക് ടി കെട്ടിടങ്ങളെ മാറ്റേണ്ടതാണ്. അല്ലാത്ത പക്ഷം നികുതി ചുമത്തേണ്ടതാണ്

നികുതി ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട മുഴുവൻ കെട്ടിടങ്ങളെയും പരിശോധനാവിധേയമാക്കി നിയമപ്രകാരം ഒഴിവാക്കാനാവുന്നതാണോയെന്ന് പരിശോധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-18 വാടക - നടപടികൾ സ്വീകരിക്കുന്നതിലെ കാലതാമസ്സം -തനത് വരുമാന ചോർച്ചക്കിടയാക്കുന്നു.

പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ മുറികളുടെ ലേലം,പുനർലേലം, വാടകകുടിശ്ശിക ഈടാക്കൽ, കുടിശ്ശികക്കാരനെ ഒഴിവാക്കി മുറി ലേലം ചെയ്യൽ എന്നീ പ്രവർത്തികളിലെ കാലതാമസം പഞ്ചായത്ത് തനത് വരുമാന ചോർച്ചക്കിടയാക്കുന്നുണ്ട്.

1.വാടക രജിസ്റ്റർ പ്രകാരം റൂം നമ്പർ-2 (19/463) മുഹമ്മദാലി,മുഹമ്മദ് മൻസിൽ പറക്കോട് എന്നയാൾ പ്രതിമാസം 7062 രൂപക്ക് വാടക്ക് എടുത്തിട്ടുള്ളതാണ്.എന്നാൽ വാടക ഒടുക്കിയിട്ടില്ല. സാമ്പത്തിക പ്രശ്നങ്ങൾ കാരണം ടിയാൾ ടി മുറിയിൽ ആരംഭിച്ച കച്ചവടം നിർത്തുകയും പ്രവർത്തിച്ച കാലയളവിലെ വാടക ഡെപ്പോസിറ്റിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ (നം-27/04-03-22) സെക്രട്ടറി അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മുറിയുടെ നിലവിലെ സ്ഥിതി സംബന്ധിക്കുന്ന വിവരങ്ങൾ അറിയിച്ചിട്ടില്ല. പുനർ ലേലം നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

2.ഷാജി, തെറ്റിക്കുഴി തെക്കേതിൽ ആദിക്കാട്ടുകുളങ്ങര (റൂം നനം-28എന്നയാൾ 2019 ഡിസംബർ മുതൽ മാർച്ച് വരെയുള്ള വാടക ഒടുക്കിയില്ല (വാടക 1279). ഗ്രാമപഞ്ചായത്തിൽ സഹകരണ സ്റ്റോർ ആരംഭിക്കുന്നതിനായി കമ്മറ്റി തീരുമാനപ്രകാരം ടിയാന് ഒഴിപ്പിക്കൽ നോട്ടീസ് നൽകിയെന്നും തുടർന്ന് ടിയാൻ മാവേലിക്കര സബ് കോടതിയിൽ കേസ് ഫയൽ ചെയ്തുവെന്നും സെക്രട്ടറി ഇത് സംബന്ധിക്കുന്ന ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചു. കേസ്സിന്റെ പുരോഗതി ഓഡിറ്റ് വിഭാഗത്തെ അറിയിക്കേണ്ടതാണ്.

3.വൈദ്യുതി കണക്ഷൻ ഇല്ലായെന്ന കാരണത്താൽ മുറി ഒഴിഞ്ഞുകിടക്കുന്നു.

റൂം നമ്പർ 30 (10/373) അറ്റകുറ്റപണി നടത്തിയില്ല, വൈദ്യുതി കണക്ഷനില്ലാ എന്നീ കാരണങ്ങളാൽ ഒഴിഞ്ഞുകിടക്കുകയാണ്. നിസാരമായ കാരണങ്ങളാൽ തനത് ആസ്തികൾ നിഷ്ക്രീയമായി തുടരേണ്ടി വരുന്നത് പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യങ്ങൾക്ക് വിരുദ്ധമാണ്. സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

4.സബ്ട്രഷറി പ്രവർത്തിച്ചിരുന്ന റൂം നമ്പർ 7,8 (19/466,477)എന്നിവ നിലവിൽ ഒഴിഞ്ഞുകിടക്കുകയാണ്.സബ്ട്രഷറി പുതിയ കെട്ടിടത്തിലേക്ക് മാറിയ ശേഷം ഈ ഭാഗം ലേലം ചെയ്ത് നൽകിയിരുന്നില്ല. കെ.സ്.ഇ.ബിക്ക് നൽകുവാനായി ഒഴിച്ചിട്ടിരിക്കുകയാണെന്ന് ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചു. നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

5. കെ.എസ്.ഇ.ബി ഉപയോഗിക്കുന്ന ഭാഗത്തിനും വാടക നിശ്ചയിക്കണം

കെ.എസ്.ഇ.ബിക്ക് ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 10 വാടകക്ക് നൽകിയിട്ടുണ്ട്. എന്നാലിതിന് പുറമെ കെ.എസ്.ഇ.ബി പഞ്ചായത്ത് ഓഫീസ് പരിസരത്ത് ഷെഡ്ഡുകൾ നിർമ്മിച്ച് സാധനസാമഗ്രികൾ സൂക്ഷിച്ചിട്ടുണ്ട്. ഈ ഷെഡ്ഡുകൾക്കൊന്നും തന്നെ വാടക നിശ്ചയിച്ചിട്ടില്ല. ഷെഡ്ഡുകൾക്ക് പുറമെ പഞ്ചായത്ത് പരിസരത്തും കെ.എസ്.ഇ.ബി അവരുടെ സാധന സാമഗ്രികൾ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് കോംപ്ലക്സിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്കും ഓഫീസിലെത്തുന്നവർക്കും തടസ്സം സൃഷ്ടിക്കുന്നത് പോലെ കെ.എസ്.ഇ.ബി വാഹനങ്ങൾ പാർക്ക് ചെയ്യുന്നതും വലിയ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ഷെഡ്ഡുകളുടെ നിർമ്മാണത്തിന് പഞ്ചായത്ത് അനുമതിയുണ്ടോയെന്ന കാര്യം വ്യക്തമല്ല. സമിതിയുടെ തീരുമാനത്തിന്റെ പകർപ്പ് ഓഡിറ്റ് വകുപ്പിന് ഹാജരാക്കേണ്ടതാണ്. ഷെഡ്ഡുകളുടെ വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ടെണ്ടർ ഫീ 59725/- രൂപ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല

28/9/13 ലെ ജി.ഒ. (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2019-20 വർഷം ഇ -ടെണ്ടർ ചെയ്ത വർക്കുകളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ചതും എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ അടച്ചതുമായ തുകയുടെ വിവരങ്ങൾ ഓഡിറ്റ് എൻക്വയറി (നം.1 തീയതി 26-02-2022) മുഖേന ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ, 21വർക്കുകൾക്കായി 59725/-രൂപ തൻവർഷം ഇപ്രകാരം എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള അക്കൌണ്ടിലേക്ക് അടച്ചിട്ടുണ്ടെന്നും തുക തിരികെ തനതുഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ലായെന്നും അറിയിച്ചു.തനത് നികുതിയേതര വരുമാനമിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള 59725/-രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 1.41 കോടി രൂപ വിനിയോഗ വിവരങ്ങളില്ലാതെ നിക്ഷേപമായി തുടരുന്നു.

വിവിധ നിർമ്മാണ / നിക്ഷേപ പ്രവർത്തികൾക്കായി ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 1.41കോടി രൂപയാണ് വിനിയോഗ വിവരങ്ങളില്ലാതെ വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപമായി ഇപ്പോഴും തുടരുന്നത്.2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക , അഡ്വാൻസ് രജിസ്റ്റർ ഇവ പ്രകാരം വിവിധ കുടിവെള്ള പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ 10,00,000/- രൂപയും ഭൂഗർഭ ജല വകുപ്പിൽ 2014 വർഷം മുതൽ അടച്ചിട്ടുള്ള 1,31,36,151/-രൂപയും നിക്ഷേപിച്ചിട്ടുണ്ട്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(എ) ഭൂഗർഭ ജല വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുകകൾ

| ക്രമ നം | വൗച്ചർ നം/തീയതി | പദ്ധതി | തുക |
|---|---|---|---|
| 1 | 21400647/ 30.102014 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി | 200000 |
| 2 | 215000995/ 31.03.2016 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി | 598547 |
| 3 | 21500996/ 31.03.2016 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി മെയിന്റനൻസ് | 19636 |
| 4 | 21600863/ 15.02.2017 | പ്രോജ.നം.102/17 | 115000 |
| 5 | 216001022/25.03.2017 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി/11/17 | 1258878 |
| 6 | 216001024/25.03.2017 | കൊച്ചുപാലവിള കുടിവെള്ള പദ്ധതി/ 142/17 | 34090 |
| 7 | 21700887/ 31.03.2018 | തൈക്കാവ് കുടിവെള്ള പദ്ധതി/ 114/18 | 1200000 |
| 8 | 21700886/ 31.03.2018 | പാലവിള കുടിവെള്ള പദ്ധതി/ 128/18 | 1200000 |
| 9 | 21700895/ 31.03.2018 | പുതുപറമ്പ് കുടിവെള്ള പദ്ധതി/ 129/18 | 1200000 |
| 10 | 21700888/ 31.03.2018 | പട്ടിക ജാതി കോളനിയിൽ കുടിവെള്ള പദ്ധതി/131/18 | 3000000 |
| 11 | 21700934/ 31.03.2018 | ചാമക്കാലകുടിവെള്ള പദ്ധതി/ 130/18 | 1200000 |
| 12 | 21700384/ 31.03.2018 | മലയിൽ കുടിവെള്ള പദ്ധതി/115/18 | 1200000 |
| 13 | 21801024/ 21.12.2018 | 88/19 | 1910000 |
| ആകെ | | | 13136151/- |

(ബി) വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച തുകയുടെ വിവരങ്ങൾ

| ക്രമ നം | വൗച്ചർ നം/തീയതി | പദ്ധതി | തുക |
|---|---|---|---|
| 1 | 1907085201450/07-01-2020 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (പ്രോജക്റ്റ് നം.46/19 | 7,00,000 |
| 2 | ബിൽ നം. 3/13.5.19) | എസ് സി കോളനി കുടിവെള്ള പദ്ധതി | 3,00,000 |
| | ആകെ | | 10,00,000 |

ഡിറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസിയുമായി കരാർ വെച്ചാണോ തുകകൾ കൈമാറിയിട്ടുള്ളത്?പ്രവൃത്തികൾ പൂർത്തീകരിക്കാതിരുന്നതിനുള്ള കാരണം?മേൽ വിഷയം പഞ്ചായത്ത് ജനറൽ കമ്മറ്റിയിൽ ചർച്ച ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ? പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം എന്നിവ അറിയിക്കുവാനും തുക പൂർണ്ണമായും വിനിയോഗിച്ച് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുള്ളപക്ഷം വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാനും. പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ വർക്കുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ-6 തീ.28-02-2022) മറുപടി ലഭിച്ചിട്ടില്ല.നിർവ്വഹണ ഏജൻസികളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതിക അനുമതിയോടുകൂടി നൽകുമ്പോൾ ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രം തുക മുൻകൂറായി നൽകുവാൻ പാടുള്ളൂവെന്ന നിബന്ധന ഇവിടെ പാലിക്കപ്പെടുന്നില്ല. കരാർ ചമക്കാത്തതുകൊണ്ട് മാത്രം സമയബന്ധിതമായി പൂർത്തീകരിക്കേണ്ട പ്രവൃത്തികളിൽ തുടർനടപടികൾ സ്വീകരിക്കുവാനും പഞ്ചായത്തിന കഴിയുന്നില്ല. പഞ്ചായത്തിന്റെ ഓരോ വർഷത്തെയും പദ്ധതിചെലവുകൾ ഉയർത്തികാണിക്കുവാൻ മാത്രമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ ഇത്തരം പദ്ധതികൾ മാറുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 ഇ.എം.എസ്സ് ഭവന പദ്ധതി 27,31,041/- രൂപ പഞ്ചായത്തിന്റെ ബാധ്യതാകണക്കിൽ

ഇ.എം.എസ്.ഭവനപദ്ധതിയ്ക്ക് വേണ്ടി, പാലമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ഗ്രാമ പഞ്ചായത്ത് വായ്പയെടുത്ത 1,88,52,500 രൂപയും വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രോജക്കുകൾ പ്രകാരം ലഭ്യമാക്കിയ തുകകളും 3 വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ (നം.1447, 1451, 1797) പ്രകാരമാണ് കൈകാര്യം ചെയ്തിരുന്നത്. ഭവനപദ്ധതി പൂർത്തീകരിച്ച ശേഷവും ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് 27,31,041/- രൂപ അക്കൌണ്ടിൽ ചെലവഴിക്കാതെ ശേഷിക്കുന്നുവെന്നും ടി തുക പാലമേൽ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് (4018) അക്കൌണ്ടിൽ ഇ.എം.എസ്.ഭവനപദ്ധതി വായ്പ ഇനത്തിൽ 13,01,013/-രൂപ തിരിച്ചടക്കാനുള്ളതിൽ ക്രമീകരിക്കുന്നതിനും ബാക്കിയുള്ള 14,30,028/- രൂപ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ഹഡ്‌ക്കോ ലോൺ കുറച്ച് വാങ്ങുന്നതിനും 15-11-2019 ലെ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്(തീരുമാനം.നം.1(9) ). ഇ.എം.എസ്സ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട നം.1447,1451 എന്നീ പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ, ചെലവഴിക്കാതെ ശേഷിച്ച 27,31,041/- രൂപ പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൌണ്ടിലേക്ക് മാറ്റി തൻവർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ലയബിലിറ്റി ഹെഡ്ഡിലാക്കി കാണിക്കുകയും, 2019-20 വർഷം ഇ.എം.എസ്. പദ്ധതിയ്ക്കു വേണ്ടി ബാങ്കിൽ നിന്നും ലോൺ എടുത്ത ഇനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന 13,01,013/- രൂപ തനതുഫണ്ടിൽ നിന്ന് പ്രോജക്ട് വെച്ച് തിരിച്ചടച്ചിട്ടുമുണ്ട്. മേൽപ്പറഞ്ഞ പ്രകാരം പഞ്ചായത്ത് ഉപയോഗപ്രദമാക്കാത്ത 27 ലക്ഷത്തോളം രൂപയ്ക്കാണ് സർക്കാരിന് പലിശബാധ്യത വരുത്തിയിട്ടുള്ളത്. .

ഇത് കൂടാതെ പാലമേൽ സർവ്വീസ് കോപ്പറേറ്റിവ് ബാങ്കിന്റെ 1797-ാം നം.അക്കൌണ്ടിലും ,വാർഷികകണക്ക് പ്രകാരം രൂപ 1,67,441 രൂപ ബാലൻസുള്ളതായി കാണുന്നു. പാസ്സ് ബുക്ക് പരിശോധിച്ചതിൽ,ഇതേ ആവശ്യത്തിനായി പ്രസിഡണ്ടിന്റേയും സെക്രട്ടറിയുടേയും പേരുകളിലായി ആരംഭിച്ചതാണ് പ്രസ്തുത അക്കൌണ്ടും. ഈ തുകയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുമതിയോടുകൂടി ലൈഫ് ഭവന പദ്ധതിയ്ക്കായി ഉപയോഗപ്പെടുത്തേണ്ടതാണ്.

ബാങ്ക് സ്റ്റേറ്റ്മെന്റ് ഉൾപ്പടെയുള്ള രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടും പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ തുടർനടപടികളും വ്യക്തമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്(നം.22തീയതി04-3-2022) മറുപടിയായി തുക തനത് ഫണ്ട് അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് പഞ്ചായത്തിന്റെ ബാധ്യതാകണക്കിൽപെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമായ പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ, ഇപ്പോഴും ഈ അക്കൌണ്ടുകളിൽ പ്രസ്തുത തുകയുടെ പലിശ ഇനത്തിൽ 18,482/- രൂപ കൂടി ശേഷിക്കുന്നുണ്ടെന്ന് കണ്ടെത്തി. തനതുഫണ്ടിലേക്ക് ഈ തുക കൂടി ട്രാൻസ്ഫർചെയ്ത് അക്കൌണ്ട് ക്ലോസ്സ് ചെയ്യേണ്ടതാണ്. പദ്ധതി ആസൂത്രണത്തിലും നടപ്പാക്കിയതിലുമുള്ള ന്യൂനതകളാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. സർക്കാർ നിർദ്ദേശാനുസരണം ബാങ്കിൽ നിന്നും എടുക്കുന്ന ലോൺ തുക കൃത്യമായിചെലവഴിക്കാതെ സർക്കാരിന് വൻ തുക പലിശ ബാദ്ധ്യത വരുത്തുന്നത് തെറ്റായ പ്രവണതയാണ്.ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ലൈഫ് ഭവനപദ്ധതിയ്ക്കായി പ്രസ്തുത തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-22 ഓട്ടോറിക്ഷാ വാങ്ങൽ -സബ്സിഡിയിൽ അധികരിച്ച് 60000 രൂപ ചെലവഴിച്ചിരിക്കുന്നു

പ്രോജക്ട് നം - 138/20/വനിതകൾക്ക് ഓട്ടോ

ചെലവ് - 210000 (ട്രഷറി ബിൽ നം .02/2019-20/20-04-2019 )

നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പ്രോജക്ട് പ്രകാരം ഓട്ടോറിക്ഷാ വാങ്ങിയതിന് ജനറൽ വിഭാഗത്തിൽപ്പെട്ട 3 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

1 ) രാജലക്ഷ്മി , രാജി ഭവനം , ഉളവക്കാട്

2) രേവതിമോൾ , കാഞ്ഞിരവിളയിൽ , പയ്യന്നൂർ

3) സുബീന , മംഗലത്ത് വടക്കേതിൽ , എരുമക്കുഴി

ഇതുമായി ബന്ധപ്പെട്ട ഫയൽ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ ,സബ്സിഡി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് അനുവദനീയമായ സബ്സിഡി 50000/- രൂപ നിരക്കിലാണെങ്കിലും ഒരാൾക്ക് 70000/- രൂപ വീതം ആനുകൂല്യം അനുവദിച്ചതായി കാണുന്നു. മേൽപ്പറഞ്ഞ പ്രകാരം ഒരു ഗുണഭോക്താവിന് 20000 രൂപ വീതം അധികം നൽകി 60000/- രൂപ വികസന ഫണ്ടിൽ നിന്നും അധികത്തിൽച്ചെലവഴിച്ചിട്ടുണ്ട് . മേൽവിഷയം ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി(നം.23/19-20) നൽകിയിരുന്നു.ടി തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കാൻസാധിക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി വികസന ഫണ്ടിൽ അടക്കേണ്ടതാണ് . ഇത് കൂടാതെ വാഹനം വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയിസ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല . ഈസ്റ്റ് വെനീസ് ഓട്ടോസ് , സനാതനപുരം , ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ പ്രൊഫോമ ഇൻവോയിസ് മാത്രമെ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ . സുബീന , മംഗലത്ത് വടക്കേതിൽ , എരുമക്കുഴിഎന്ന ഗുണഭോക്താവിന്റെ വാഹന രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല . മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.23/19-20 ന്) ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺഅക്കൗണ്ടിലേക്കാണ് നൽകിയതെന്നും ഓട്ടോറിക്ഷ വാങ്ങിയതിന് ശേഷമേ വാഹനം വാങ്ങിയത് സംബന്ധിച്ച ടാക്സ് ബിൽ ഗുണഭോക്താവിന് ലഭിക്കുകയുള്ളുവെന്നും മറുപടി നൽകിയിട്ടുണ്ട് .ഗുണഭോക്താക്കൾ ലോൺ എടുത്തത് സംബന്ധിച്ച വിശദാംശം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല . ട്രഷറി ബില്ലിൽ കാണിച്ചിട്ടുള്ളത് പ്രകാരം സബ്സിഡി തുക അനുവദിച്ചിരിക്കുന്നത് ഈസ്റ്റ് വെനീസ് ഓട്ടോസ് , സനാതനപുരം , ആലപ്പുഴ എന്ന സ്ഥാപനത്തിനാണ് . ഓട്ടോ വാങ്ങിയത് സംബന്ധിച്ച സ്ഥാപനത്തിൽ നിന്നുള്ള ഒറിജിനൽ ഇൻവോയിസ് , സുബീന , മംഗലത്ത് വടക്കേതിൽ , എരുമക്കുഴി എന്ന ഗുണഭോക്താവിന്റെ വാഹന രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമല്ലാത്തതിനാൽ തിരികെ ഈടാക്കാൻ നിർദ്ദേശിച്ച 60000/- രൂപ കഴിച്ചുള്ള 150000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു .

## 1-23 കെ.എസ്.ഇ.ബി നൽകുന്ന ബില്ലിൽ തെരുവ് വിളക്കുകളുടെ അയഥാർത്ഥ കണക്കുകൾ പഞ്ചായത്ത് ഫണ്ടിന് ലക്ഷങ്ങൾ നഷ്ടപ്പെടുന്നു.

ഗ്രാമപഞ്ചായത്ത്, തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ താരതമ്യേന വലിയ തുക ഒടുക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നതിലേക്കായി 2019-20 വർഷം ആകെ 1244958രൂപ ചെലവഴിച്ചു. (RP-13പട്ടിക / ഹെഡ് കോഡ്-230100101). 2007-08 വർഷം തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി 455000/-രൂപ (ഡിഡി നം.500121/31.3.08) അസിസ്റ്റന്റ് എഞ്ചിനീയർ, കെഎസ് ഇബി സെക്ഷൻ ഓഫീസിൽ അടച്ചിരുന്നു. എന്നാൽ തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നാളിതുവരെ നടപ്പായിട്ടില്ല. തെരുവ് വിളക്കുകൾക്കുള്ള സ്പോട്ട് ബില്ലിംഗിനായി മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ കെ.എസ്.ഇ.ബി നൂറനാട് ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത്. (കൺസ്യൂമർ നം-1155294000650) . എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി ബില്ലിലെ *കണക്ടഡ് ലോഡ് (58500Watts)* നെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് ബാച്ചിന്റെ നിർദ്ദേശത്തെ തുടർന്ന്(ഓഡിറ്റ് എൻക്വയറി നം- 12/19-20) കെ.എസ്.ഇ.ബി നൂറനാട് ഇലക്ട്രിക്കൽ സെക്ഷൻ ബില്ലിംഗിന് പരിഗണിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ലഭ്യമാക്കി. ലഭ്യമാക്കിയ കണക്കിൽ 464 സാധാരണ ബൾബുകളും 409 ഫ്ലൂറസെന്റ് ട്യൂബുകളും ഉൾപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഗ്രാമപഞ്ചായത്ത് LED വിളക്കുകൾ മാത്രമാണ് വാങ്ങി സ്ഥാപിക്കുന്നത്. 19-20 ലെ വാർഷിക പ്രോജക്റ്റിന്റെ ഭാഗമായുള്ള തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്റ്റിലും നിരവധി LED ബൾബുകൾ വാങ്ങി സ്ഥാപിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ഇൻകാൻഡസെന്റ് ബൾബുകളോ ഫ്ലൂറസെന്റ് ട്യൂബുകളോ ഉണ്ടാകുവാൻ സാധ്യതയില്ല. അഥവാ ഫ്ലൂറസെന്റ് ട്യൂബുകൾ ഉണ്ടെങ്കിൽ തന്നെ അവയുടെ എണ്ണം താരതമ്യേന കുറവായിരിക്കുമെന്ന് വ്യക്തമാണ്. എന്നാൽ കെ.എസ് ഇ ബി ബില്ലിംഗിനായി പരിഗണിക്കുന്ന തെരുവ് വിളക്കിന്റെ കണക്കുകളിൽ 113 LED ബൾബുകൾ മാത്രമാണുള്ളത്. ബാക്കിയെല്ലാം ഉയർന്ന വൈദ്യുത ഉപഭോഗവും ഉയർന്ന പ്രതിമാസ നിരക്കുമുള്ള ഇനം തെരുവ് വിളക്കുകളാണ്. സംയുക്ത പരിശോധന നടത്താത്തതും ഗ്രാമപഞ്ചായത്ത് മാറ്റി സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി അക്കൌണ്ട് ചെയ്യാത്തതുമൂലവും വളരെ ഉയർന്ന പ്രതിമാസ വൈദ്യുത ബില്ലാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നത്. സംയുക്ത പരിശോധനയുടെ അഭാവം അയഥാർത്ഥമായ കണക്കുകളിലൂടെ

കെ.എസ്.ഇ.ബി ബില്ലിംഗ് നടത്തുന്നതിനും ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുന്നതിനുമിടയാക്കി.

നൂറനാട് കെ.എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം ,തരം കണക്റ്റഡ് ലോഡ് എന്നിവ ചുവടെ ചേർക്കുന്നു

| ക്രമ നം | സ്ട്രീറ്റ് ലൈറ്റിന്റെ തരം | എണ്ണം | വാട്ട്സ് | ആകെ വാട്ട്സ് |
|---|---|---|---|---|
| 1 | LED 1x24 | 113 | 24 | 2712 |
| 2 | CFL: Automatic On /Off - 2x11 | 475 | 22 | 10450 |
| 3 | CFL On/off 1x36 | 38 | 36 | 1368 |
| 4 | CFL: Automatic On /Off - 1x11 | 10 | 11 | 110 |
| 5 | Mercury Vapour Lamp 1x400 | 9 | 400 | 3600 |
| 6 | Fluorescent Tube- 1 X40 | 364 | 40 | 14560 |
| 7 | Fluorescent Tube- 2x40 | 45 | 80 | 3600 |
| 8 | Ordinary Bulb -1x60 | 177 | 60 | 10620 |
| 9 | Ordinary Bulb -1x40 | 287 | 40 | 11480 |
| ആകെ | | - | | 58500 |


നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറ്റുകയും പുതിയതായി സ്ഥാപിക്കുന്നവ ഊർജ്ജ ഉപഭോഗം കുറഞ്ഞവയാക്കിയിട്ടും വൈദ്യുതി വിളക്കുകളുടെ പ്രതിമാസ ബില്ലിലെ കണക്റ്റഡ് ലോഡ് വർദ്ധിച്ച് വരുന്ന അവസ്ഥയാണുള്ളത്. ഓരോ വൈദ്യുത പോസ്റ്റിലും നിലവിലുള്ള വൈദ്യുത വിളക്കിന്റെ തരം ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ലാത്തത് കാരണം കെ.എസ് ഇ.ബി അധികൃതർ നൽകുന്ന പ്രതിമാസ താരിഫ് നിരക്ക് കൂടിയ ഇൻകാൻഡസെന്റ്, ഫ്ലൂറസെന്റ് , സി.എഫ്.എൽ, സോഡിയം വേപ്പർ തെരുവ് വിളക്കുകൾ ഉൾപ്പെടുത്തിയുള്ള ഭാരിച്ച വൈദ്യുതി ബിൽ ഒടുക്കേണ്ട അവസ്ഥയാണ്.

തെരുവ് വിളക്കുകളുടെ 12 മണിക്കൂറുള്ള പ്രതി ദിന ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് ചുവടെ ചേർക്കുന്നു. (2020-21 ൽ ബാധകമായത്-കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ OP No.15/018 Dtd.08-07-19 കാണുക).

| Type Of Lamp | Watts | 12 മണിക്കൂർ ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് |
|---|---|---|
| Ordinary | 100 W | 406 |
| F.Tube | 2x 40 W | 326 |
| CFL | 15W | 46 |
| LED | 24 W | 41 |
| F.Tube | 1x 40 W | 159 |
| F.Tube | 2x 40 W | 326 |
| LED | 18 W | 27 |

ഊർജ്ജ ഉപഭോഗം കുറഞ്ഞ LED വിളക്കുകളുടെ ആറ് മടങ്ങ് വൈദ്യുതി നിരക്ക് ഓഡിനറി വിളക്കുകൾക്ക് KSEB ഈടാക്കുന്നുണ്ട്. ഈ നിരക്ക് വ്യത്യാസം വ്യക്തമാക്കുന്നതിനായി ഒരു 2x40 Watts ഫ്ലൂറസെന്റ്ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം മേൽ പരാമർശിച്ച താരിഫ് നിരക്കിനെ ആസ്പദമാക്കി ചുവടെ ചേർക്കുന്നു.

***2x40 watts ഫ്ലൂറസെന്റ് ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം***




ഒരു സാധാരണ ബൾബു (Ordinary Incandescent Bulb) പോലും ഗ്രാമപഞ്ചായത്തിലില്ല എന്നിരിക്കെ 464സാധാരണ ഇൻകാൻഡസെന്റ് ബൾബുകൾ , 409 ഫ്ലൂറസെന്റ് ട്യൂബുകൾ തുടങ്ങി ഉയർന്ന ഉപഭോഗ നിരക്കുള്ള തെരുവ് വിളക്കുകൾ പഞ്ചായത്ത് പരിധിയിലുണ്ടെന്ന രീതിയിൽ ബില്ലിംഗ് നടത്തുന്ന കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിൽ നിന്നും അധിക നിരക്ക് ഈടാക്കുന്നു. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നാളിതുവരെയുണ്ടായിട്ടില്ലായെന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നത്. നൂറനാട് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാക്കുന്ന തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ് ലൈറ്റ് ബിൽതുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-24 തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നടപ്പായില്ല

2007-08 വർഷം തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി 455000/-രൂപ (ഡിഡി നം.500121/31.3.08) അസിസ്റ്റന്റ് എഞ്ചിനീയർ, കെഎസ് ഇബി സെക്ഷൻ ഓഫീസിൽ അടച്ചിരുന്നു. എന്നാൽ തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നാളിതുവരെ നടപ്പാകാതെ നിക്ഷേപിച്ചതുക കെ എസ് ഇ ബിയിൽ നിക്ഷേപമായി മാറി. ഇപ്രകാരം തുക നിക്ഷേപിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നം.(30/5.3.2022)മറുപടി ലഭ്യമായില്ല. തെരുവ് വിളക്കുകളുടെ മീറ്ററിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 വിവിധോദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കപ്പെട്ടില്ല-7.43 ലക്ഷം രൂപ നിക്ഷേപമായി

വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് മുൻ വർഷങ്ങളിൽ ലഭിച്ച 743616 രൂപ ചെലവഴിക്കപ്പെടാതെ നിക്ഷേപമായി തുടരുന്നു. വിവിധ ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | തുക | ലഭിച്ച വർഷം | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | വിമുക്തി | 12500 | 2017-18 | വിമുക്തി , ആർ.എസ്.ബി.വൈ,എന്നീ ഫണ്ടുകളുടെ എ സി ആർ പ്രകാരം 2017-18 വർഷം മുന്നിരിപ്പായി 12500രൂപ ഉൾപ്പടെ 48616/- രൂപ എ.സി.ആർ പ്രകാരം ശേഷിക്കുന്നു. |
| | | 25000 | 2018-19 | |
| | | 11116 | 2019-20 | |
| 2 | നിർമ്മൽ പുരസ്കാരം | 395000 | | 2019-20വർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 3 | ബെസ്റ്റ് അഗ്രിക്കൾച്ചർ ഗ്രാമപഞ്ചായത്ത് അവാർഡ് | 300000 | 2019-20 | |

മേൽ ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/2.3.202022)മറുപടി ലഭ്യമാക്കിയില്ല. പൊതു ജനങ്ങളുടെ ക്ഷേമങ്ങൾക്കായി ചെലവഴിക്കപ്പെടേണ്ട തുകകൾ നിഷ്ക്രിയമായി തുടരുന്നത് അഭിലഷണീയമല്ല. തുകകൾ അടിയന്തിരമായി ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-26 ഇല്ലാത്ത തസ്തികകളിൽ താല്ക്കാലിക നിയമനം

സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ താല്ക്കാലിക ജീവനക്കാരെ നിയമിച്ചു. രഞ്ജു ആർ,ഡേറ്റാ എൻടി ഓപ്പറേറ്റർ , രഞ്ജിത്ത് കൃഷ്ണൻ എന്നീ ജീവനക്കാരെ ഓഡിറ്റ് വർഷം താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. രഞ്ജു ആർ,ഡേറ്റാ എൻടി ഓപ്പറേറ്റർ 11/2018 മുതൽ ജോലിയിൽ തുടരുന്നു.പഞ്ചായത്തിൽ ആകെ 10 തസ്തികകളിലായി ആകെ 17 ജീവനക്കാരുടെ പോസ്റ്റുകളാണുള്ളത്. ഇതിൽ മാർക്കറ്റ് സ്വീപ്പറുടെ തസ്തിക മാത്രമാണ് ഒഴിവുള്ളത്. ഈ തസ്തികയില ഒരു കാഷ്വൽ സ്വീപ്പറെ നിയമിച്ചിട്ടുണ്ട്. ഈ തസ്തികകൾക്ക് പുറമെയാണ് ദിവസ വേതനാടിസ്ഥാനത്തിലുള്ള ഈ നിയമനങ്ങൾ . ജീവനക്കാർക്ക് അധിക ജോലി ഭാരമുള്ളതായും തസ്തികകൾ വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് സർക്കാരിലേക്ക് കത്തയച്ചതിന്റെ രേഖകളൊന്നും തന്നെ പരിശോധനയക്ക് ലഭ്യമാക്കിയിരുന്നുമില്ല. ഇപ്രകാരം അംഗീകൃത തസ്തികകൾക്ക് പുറമെ താല്ക്കാലികമായി ജീവനക്കാരെ നിയമിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/8.3.2022) മറുപടി ലഭ്യമാക്കിയില്ല. താല്ക്കാലിക നിയമനങ്ങൾ അംഗീകൃത തസ്തികകളിലെ ഒഴിവുകൾക്കനുസരിച്ച് മാത്രം നടത്തുന്നതിനും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-27 മത്സ്യ മാർക്കറ്റ് പ്രവർത്തന ക്ഷമമാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയ്ക്കുള്ളിലെ ആദിക്കാട്ട് കുളങ്ങര മത്സ്യമാർക്കറ്റ് നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയില്ല. മത്സ്യ ഫെഡ്ഡ് മുഖേന നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന്റെ ഉദ്ഘാടനം 11/2019 ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടന്നിരുന്നു. ഉദ്ഘാടനം സംബന്ധിച്ച് 15020 രൂപ ( വൗച്ചർ നം.2 1900663/ 1.11.19)തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത മത്സ്യ മാർക്കറ്റ് ലേലം നടത്തി വരുമാനദായകമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.42/8.3.2022)നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ലേല നടപടികൾ സ്വീകരിച്ച് മത്സ്യ മാർക്കറ്റ് പ്രവർത്തന ക്ഷമമാക്കി വരുമാനദായകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-28 ആവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക 305458 രൂപ തടസ്സത്തിൽ വയ്ക്കുന്നു .

പ്രോജക്റ്റ് നം - 10/20/അങ്കണവാടികളിലെ അവശ്യ സാധന സൗകര്യങ്ങൾ ഉയർത്തുക

നിർവഹണം – ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ അങ്കണവാടികളിൽ വിവിധ സാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട് . ഫയൽ പരിശോധിച്ചതിൽ മുഴുവൻ വൗച്ചറുകളും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതായി കാണുന്നു . അഡീഷണൽ ഗ്യാസ് സിലിണ്ടർ , ഗ്യാസ് സ്റ്റൗ എന്നിവ വാങ്ങി അങ്കണവാടികളിൽ വിതരണം ചെയ്തിട്ടുള്ളതിന്റെ മുഴുവൻ ബിൽ/ഇൻവോയിസ് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| ചെലവഴിച്ച തുക , ട്രഷറി ബിൽ നം . / ചെക്ക് നം | വാങ്ങിയ സാധനം | സാധനം സപ്ലൈ ചെയ്ത സ്ഥാപനം | അപാകത |
|---|---|---|---|
| 19494/- (ട്രഷറി ബിൽ നം . 09/19-20 /28-09-19 ) | അങ്കണവാടികളിൽ അഡീഷണൽ ഗ്യാസ് സിലിണ്ടർ | കാർത്തിക ഏജൻസീസ് , പന്തളം | ബിൽ/ഇൻവോയിസ് എന്നിവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല |
| 67743/- ( ട്രഷറി ബിൽ നം . 10/19-20/11-10 -19 ) | അങ്കണവാടികളിൽ അഡീഷണൽ ഗ്യാസ് സിലിണ്ടർ , ഗ്യാസ് സ്റ്റൗ | ശ്രീകൃഷ്ണ ഭരത് ഗ്യാസ് , അടൂർ | 18അഡീഷണൽഗ്യാസ് സിലിണ്ടർ വാങ്ങിയതിന്റെ വൗച്ചർ മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ( ഒരു സിലിണ്ടറിന്റെ വില 1450 , ആകെ 1450X18 = 26100 ) ബാക്കി ചെലവായ തുകക്കുള്ള വൗച്ചറുകൾ ലഭ്യമല്ല . |

സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 27 ഗ്യാസ് സിലിണ്ടറും 09 ഗ്യാസ് സ്റ്റൗവും വിവിധ അങ്കണവാടികൾ കൈപ്പറ്റിയതായി കാണുന്നു . ഗ്യാസ് സിലിണ്ടർ , ഗ്യാസ് സ്റ്റൗ എന്നിവ വാങ്ങിയത് സംബന്ധിച്ച മുഴുവൻ ബിൽ/ഇൻവോയിസ് എന്നിവ ഓഡിറ്റിൽ പരിശോധനക്ക് നൽകേണ്ടതാണ് .

ഇത് കൂടാതെ ആർട്കോയിൽ നിന്ന് ധാന്യസംഭരണി , സ്റ്റീൽ റാക്ക് എന്നിവ ടെണ്ടർ കൂടാതെ വാങ്ങിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു .

| ചെലവഴിച്ച തുക , ട്രഷറി ബിൽ നം . / ചെക്ക് നം | വാങ്ങിയ സാധനം | സാധനം സപ്ലൈ ചെയ്ത സ്ഥാപനം |
|---|---|---|
| 244321 , ട്രഷറി ബിൽ നം . 14/19-20/16-10-19 | സ്റ്റീലിന്റെ ധാന്യസംഭരണി -15<br>സ്റ്റീൽ റാക്ക് - 30 | ആർട്കോ ലിമിറ്റഡ് , ചെങ്ങന്നൂർ |

ജി.ഒ (ആർ.ടി.)നം 19/2019 /എസ്.പി.ഡി . /13-05-2019 പ്രകാരം ആർട്കോയിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ സ്ഥാപനം സ്വന്തമായി ഉൽപാദിപ്പിക്കുന്നതാണെന്നും പുറത്ത് നിന്നും വാങ്ങിയതല്ലെന്നുമുള്ള മാനേജിംഗ് ഡയറക്ടറുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . എന്നാൽ ഇപ്രകാരമുള്ള സർട്ടിഫിക്കറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം . 33/19-20 ന് മറുപടി നൽകിയിട്ടില്ല . അപാകതകളുടെ അടിസ്ഥാനത്തിൽ മേൽ ചെലവ് തുകയിൽ വൗച്ചർ ഹാജരാക്കിയ 26100 രൂപ കഴിച്ചുള്ള 305458 രൂപ തടസ്സത്തിൽ വയ്ക്കുന്നു . വ്യക്തമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ് .

## 1-29 കുടിവെള്ള പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് :എസ് സി കോളനികളിൽ കുടിവെള്ള പദ്ധതി

എസ് സി കോളനികളിൽ കുടിവെള്ള പദ്ധതി പ്രോജക്ട് നടപ്പാക്കുന്നതിനായി വികസന ഫണ്ട് 300000 രൂപ (ബിൽ നം. 3/13.5.19) പിൻവലിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/8.3.2022) മറുപടിയോ രേഖകളോ ലഭ്യമാക്കയില്ല. അതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-30 ആരോഗ്യ ജാഗ്രതാ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലെ ആരോഗ്യ ജാഗ്രതാ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 10000 രൂപ വീതം 190000 രൂപ (ചെക്ക് നം.961427/16.7.19) അതാത് വാർഡ് തല ശുചീകരണ സമിതികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. വാർഡ് തലശുചീകരണം നടത്തിയിട്ടുള്ളതിന്റെ രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ശുചീകരണവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.42/8.3.2022) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-31 ഔഷധക്കഞ്ഞി വിതരണം നടപടിക്രമങ്ങൾ പാലിച്ചില്ല

ആയുർവേദ ആശുപത്രി മുഖേന കർക്കിടക കഞ്ഞി , ചുക്ക് കാപ്പി എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിന് 21723 രൂപ (ചെക്ക് നം.21900386/2.9.19) ആയുർവേദ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്തിയാണ് ഈ തുക അനുവദിച്ചത് എന്ന് വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ)ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം അസാധാരണ ചെലവുകൾ സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം ഒരു രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രസ്തുത രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/3.3.2022)മറുപടി ലഭ്യമാക്കിയില്ല. ചട്ടങ്ങൽ പാലിച്ച് മാത്രം തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്..

1-32 59090/- രൂപ ശുചിത്വമിഷൻ അക്കൌണ്ടിൽ നിന്ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ല

2019-20 വർഷത്തെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ , ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുകയിൽ കുറവ് വന്ന 59090/- രൂപ തനതുഫണ്ട് അക്കൌണ്ടിൽ നിന്നും നൽകിയത് പിന്നീട് ഇതുവരെയും ക്രമീകരിക്കാതെ ടെമ്പററി അഡ്വാൻസ് ടു.ഇംപ്ലിമെന്റിംഗ് ഓഫീസർ എന്ന ഹെഡ്ഡിൽ മുൻകൂർ ആയി നിലനിൽക്കുന്നതായി കാണുന്നു.12-06-2017 ലാണ് എം.ഒ.പി.എച്ച്.സിക്ക് മുൻകൂർ ആയി തനതുഫണ്ടിൽ നിന്നും തുക നൽകിയിട്ടുള്ളത് .നിലവിൽ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ, വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.10/2-2020) മറുപടിയായി ടി തുക നാളിതുവരെ ക്രമീകരിച്ചിട്ടില്ലെന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.59090/- രൂപ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-33 പച്ചക്കറി ശീതീകരണ സംഭരണി- നാളിതുവരെ പ്രവർത്തന ക്ഷമമാക്കിയില്ല

2017-18 വർഷം ജില്ലാ പഞ്ചായത്ത് മുഖേന 830050 രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു പച്ചക്കറി ശീതീകരണ സംഭരണി സ്ഥാപിച്ചിരുന്നു. പ്രസ്തുത ശീതീകരണ സംഭരണി ഗ്രാമപഞ്ചായത്തിന് കൈമാറിയതിന്റെ വിവരങ്ങൾ ആയത് പ്രവർത്തന ക്ഷമമാക്കിയതിന്റെ വിവരങ്ങൾ എന്നിവ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14തീയതി2-03-2022)മറുപടി ലഭ്യമാക്കിയില്ല.

പച്ചക്കറി ശീതീകരണ സംഭരണി പ്രവർത്തനക്ഷമമാക്കി പൊതുജനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 പ്രവേശനോത്സവം- നടപടിക്രമങ്ങൾ പാലിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണ ചുമതല എരുമക്കുഴി ഗവ എൽ പി എസ് എച്ച് എം നാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന ഗവ.എസ് വി എച്ച് എസ് പ്രവേശനോത്സവവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കായി 10000 രൂപ (21900220/21.6.19) ഗവ.എസ് വി എച്ച് എസ്, പ്രിൻസിപ്പലിനാണ് നൽകിയിരുന്നത് . 1994 ലെ കേരള പഞ്ചായത്ത് രാജാ ആക്ടിലെ പട്ടിക 5 പ്രകാരം . ഹയർ സെക്കന്ററി സ്കൂളുകളേടനുബന്ധിച്ചുള്ള യു പി സ്കൂളുകളുടെ നിയന്ത്രണം ജില്ലാ പഞ്ചായത്തിനാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു.. പാലമേൽ ഗ്രാമപഞ്ചായത്തിന് കീഴിലുള്ള എൽ പി/ യു പി സ്കൂളുകളുടെ നിർവ്വഹണച്ചുമതല എരുമക്കുഴി ഗവ എൽ പി എസ് എച്ച് എം നാണെന്നരിക്കെ പ്രവോശനോത്സവ നടത്തിപ്പുമായ ബന്ധപ്പെട്ട തുക പഞ്ചായത്തിന്റെ നിയന്ത്രണത്തില്ലാത്ത സ്കൂളിലേക്കായി പ്രസ്തുത സ്കൂളിന്റെ പ്രഥമ അദ്ധ്യാപകന് കൈമാറിയത് ക്രമവിരുദ്ധമായ നടപടിയാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/2.3.2022) മറുപടി ലഭ്യമാക്കിയില്ല. നടപടിക്രമങ്ങൾ പാലിച്ച് മാത്രം വിവിധ ഫണ്ടുകൾ ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-35 മെറ്റീരിയൽ വർക്കുകളിൽ നിന്നും ജി.എസ്സ്.ടി ഉറവിടത്തിൽ കുറവ് ചെയ്യുന്നില്ല

ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന് 2% തുക ജി.എസ്സ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 30-07-2019 ലെ സർക്കുലർ നം957/ഇ.ജി.എസ്സ്.-സി/16/ആർ.ഇ.ജി.എസ്സ് പ്രകാരം അന്തിമ ബിൽ അനുസരിച്ചുള്ള ജി.എസ്.ടി തുക സപ്ലെയർ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന തുക സെക്രട്ടറി യഥാസമയം ജി.എസ്.ടി വകുപ്പിൽ അടക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2019-20 വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ താഴെപ്പറയുന്ന മെറ്റീരിയൽ വർക്കുകളിൽ സാധന സാമഗ്രികൾ സപ്ളൈ ചെയ്യുന്ന കരാറുകാരിൽ നിന്നും 2% ജി.എസ്സ്.ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല. കരാറുകാരൻ ജി.എസ്.ടി വകുപ്പിൽ തുക അടച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ കോസ്റ്റ് | ജി.എസ്.ടി |
|---|---|---|---|
| മുല്ലശ്ശേരിൽ-ധർമ്മഭവനം-റോഡ് കോൺക്രീറ്റിംഗ് | അജിത്.എസ്സ് | 263164 | 5263 |
| കിണറുവിള-മാവിള റോഡ് കോൺക്രീറ്റിംഗ് | അജിത്.എസ്സ് | 347701 | 6954 |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.36തീയതി, 08-03-2022) കരാറുകാരെ ഈ വിവരം അറിയിച്ചിട്ടുണ്ടെന്നും ജി.എസ്.ടി. വകുപ്പിൽ തുക അടച്ചതിന്റെ രേഖകൾ ലഭ്യമാക്കാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കരാറുകാരിൽ നിന്നും രേഖകൾ ലഭ്യമാകാത്തപക്ഷം തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും മേൽ സർക്കുലർ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും, സാധന സാമഗ്രികൾ സപ്ളൈ ചെയ്യുന്ന കരാറുകാരിൽ നിന്നും 2% ജി.എസ്സ്.ടി. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ഒടുക്ക് വരുത്തേണ്ടതുമാണ്.

## 1-36 വാഴകൃഷിയ്ക്ക് വിത്തും വളവും- വളം വാങ്ങിയതിന്റെ രേഖകൾ അപൂർണ്ണം

നിർവ്വഹണ ഉദ്യോഗസ്ഥ : കൃഷി ഓഫിസർ

പ്രോജക്ട്: വാഴകൃഷിയ്ക്ക് വിത്തും വളവും

ഗുണഭോക്താക്കൾക്ക് സൗജന്യമായി വാഴവിത്ത് നൽകുന്നതിനും ജൈവവളം 75 % സബ്സിഡിയായി നൽകുന്നതിനുമാണ് പ്രോജക്ട് ആവിഷ്കരിച്ചിരുന്നത്. ഇതിൻ പ്രകാരം ഒരു ഗുണഭോക്താവിന് 50 വാഴവിത്ത് സൗജന്യമായി നൽകുന്നതിനും 540 രൂപയുടെ ജൈവവളത്തിന് 405 രൂപ സബ്സിഡി നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. 400 കർഷകർക്ക് വളം വാങ്ങിയതിന്റെ വിലയായി 162000 രൂപയും 2000വാഴവിത്തിന്റെ വിലയായി 280000 രൂപയും ഉൾപ്പടെ 442000 രൂപ ചെലവഴിച്ചിട്ടുണ്ട്. അത് കൂടാതെ 241 കർഷകർക്ക് വളം വാങ്ങിയതിന്റെ സബ്സിഡിയായി 121500 രൂപയും 15000 വാഴവിത്ത് വാങ്ങിയതിന് 21000രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം ഗുണഭോക്താക്കളുടെയും അപേക്ഷകളോടൊപ്പം വാങ്ങിയ ജൈവവളത്തിന്റെ ഇനമോ അളവോ രേഖപ്പെത്തിയിട്ടില്ല. ഏതാനും ഗുണഭോക്താക്കൾ ചാണകം വാങ്ങിയതായി വൗച്ചർ ഉണ്ടെങ്കിലും ആയതിന്റെ അളവ് രേഖപ്പെടുത്തിയിട്ടില്ല. കൃത്യമായ രേഖകളുടെ അഭാവത്തിൽ സബ്സിഡി അനുവദിച്ചത് ജില്ലാതലത്തിൽ നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് കോസ്റ്റിന് ആനുപാതികമാണോ എന്ന് വ്യക്തമല്ല. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/28.2.2022) ഗുണഭോക്താക്കൾ 20kg ജൈവവളമാണ് വാങ്ങിയിരുന്നതെന്നും ആയതിന്റെ യൂണിറ്റ് കോസ്റ്റ് 7 രൂപയാണെന്നും മറുപടി നൽകി. പൂർണ്ണമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാത്രം സബ്സിഡി അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-37 പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ - വിശദാംശങ്ങൾ ലഭിച്ചില്ല

പ്രോജക്ട് നം.167/19-20

പൊതു സ്ഥലങ്ങളിൽ സി സി ക്യാമറ സ്ഥാപിക്കൽ

ബിൽ .നം 18/16-12-2019 277420/-

ബിൽ .നം 19/18-01-2020 195000/-

ചെക്ക് നം.2763172/23-11-2019 25306/-

സെക്രട്ടറി നടപ്പാക്കിയ പൊതു സ്ഥലങ്ങളിൽ സി സി ക്യാമറ സ്ഥാപിക്കൽ പ്രോജക്ട് പ്രകാരം കെ ഐ പി കനാലിൽ മാലിന്യം വലിച്ചെറിയുന്നവരെ കണ്ടെത്തുക എന്ന ഉദ്ദേശ്യത്തോടെ പൊതു സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് 6 ക്യാമറകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിരുന്നു . ഗ്ലിറ്റ്സ്മാ ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്ന് 497726 രൂപ ചെലവഴിച്ചാണ് ഉപകരണങ്ങൾ വാങ്ങിയത്. എന്നാൽ ക്യാമറകൾ സ്ഥാപിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ( സ്ഥലം, മേൽ നോട്ടച്ചുമതല) ഫയലിൽ ലഭ്യമായിരുന്നില്ല . ഇത് സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/8.3.2022)മറുപടി ലഭ്യമാക്കിയില്ല. അതിനാൽ 497726 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-38 ഓഫീസ് ശുചീകരണം- പുറമെ നിന്നുള്ള തൊഴിലാളികളെ ഏർപ്പെടുത്തി

പഞ്ചായത്ത് ഓഫീസ് ശുചീകരണ ജോലികൾക്കായി നിലവിൽ പി റ്റി എസ് തസ്തികയിൽ ഒരു ജീവനക്കാരിയെയും മാർക്കറ്റ് ക്ലീനംഗിന് താല്ക്കാലികാടിസ്ഥാനത്തിൽ മറ്റൊരു ജീവനക്കാരിയെയും നിയമിച്ചിട്ടുണ്ട് . എന്നാൽ ഈ ജീവനക്കാരെ കൂടാതെ പുറമെ നിന്നുള്ള തൊഴിലാളികളെ ശുചീകരണം നടത്തുന്നതിന് നിയമിച്ച് തുക ചെലവഴിച്ചിട്ടുണ്ട് . ശുചീകരണ ജോലികൾക്കായി സ്ഥിരം ജീവനക്കാരുള്ളപ്പോൾ പുറമെ നിന്നുള്ള തൊഴിലാളികളെ ഏർപ്പെടുത്തി ശുചീകരണം നടത്തിയിതിനും തുക ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയഓഡിറ്റ് അന്വേഷണത്തിന് (നം. മറുപടി )ലഭ്യമാക്കിയില്ല. ഓഫീസ് ശുചീകരണത്തിനും മറ്റ് ശുചീകരണ പ്രവർത്തനങ്ങൾക്കുമായി രണ്ട് ജീവനക്കാരെ നിയമിച്ചിട്ടുള്ളതിന് പുറമെ ദിവസവേതനാടിസ്ഥാനത്തിൽ മറ്റ് തൊഴിലാളികളെ ഏർപ്പെടുത്തുന്നത് ശരിയായ നടപടിയല്ല. കൃത്യമായ സ്വീപ്പിംഗ് ഏരിയ കണക്കാക്കി അതിനനുസരിച്ച് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-39 പാലിയേറ്റീവ് കെയർ -മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

പാലിയേറ്റീവ് കെയർ പ്രോജക്ട് പ്രകാരം മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി 300000 രൂപ (ബിൽ നം.4/23.1.20) കാരുണ്യ മെഡിക്കൽ സർവീസസ് കോപ്പറേഷനിൽ നിക്ഷേപിച്ചിരുന്നു. ടി തുകയിൽ 272421 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭിച്ചത്. അവശേഷിക്കുന്ന 27579 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/5.3.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലഭിക്കാൻ അവശേഷിക്കുന്ന 27579 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-40 ആർത്തവ ശുചിത്വ പരിപാലന പദ്ധതി നടപ്പായില്ല-149998 രൂപ വനിതാ വികസന കോർപ്പറേഷനിൽ നിക്ഷേപമായി

(പ്രോജക്ട് നം.s0212/20)

സെക്രട്ടറി മുഖേന ആർത്തവ ശുചിത്വ പരിപാലന പദ്ധതി (ഷി പാഡ്) നടപ്പാക്കുന്നതിന്റെ ഭാഗമായി പാലമേൽ പഞ്ചായത്തിലെ സ്കൂളുകളിലെ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിനുകൾ, ഇൻസിനേറേറ്റർ , സാനിട്ടറി നാപ്കിനുകൾ കേട് കൂടാതെ സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവ സ്ഥാപിക്കുന്നതിന് 149998 രൂപ വനിതാ വികസന കോർപ്പറേഷനിൽ അടച്ചിരുന്നു. എന്നാൽ വനിതാ വികസന കോർപ്പറേഷനുമായി പഞ്ചായത്ത് സെക്രട്ടറി കരാറിൽ ഏർപ്പെടുകയോ ഉപകരണങ്ങൾ സ്കൂളുകളിൽ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കുകയോ ചെയ്തിട്ടില്ല . ഇതിന്മേൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.41/8.3.2022) മറുപടി ലഭ്യമാക്കിയില്ല.അതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പദ്ധതി സമയബന്ധിതമായി നടപ്പാക്കാഞ്ഞതിനാൽ വനിതാവികസന കോർപ്പറേഷനിൽ ഈ തുക നിക്ഷേപമായി തുടരുന്നു.വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിച്ച ഈ പ്രോജക്ട് അധികചെലവ് കൂടാതെ പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-41 അങ്കണവാടികളുടെ ഭൗതിക സാഹചര്യം

പാലമേൽ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു .

പാലമേൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 30 അങ്കണവാടികൾ പ്രവർത്തിക്കുന്നു . ഇതിൽ 21 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു .07 എണ്ണം വാടക കെട്ടിടത്തിലും 02 എണ്ണം വാടകയില്ലാതെയും പ്രവർത്തിക്കുന്നു . 29

അങ്കണവാടികളിൽ ടോയ് ലെറ്റ് സൗകര്യമുണ്ട് . ബേബി ഫ്രണ്ട് ലി ടോയ് ലെറ്റ് ഇല്ല .23 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട് . 29 അങ്കണവാടികളിൽ വൈദ്യുതി സൗകര്യം ഉണ്ട് . 28 അങ്കണവാടികളിൽ കുടിവെള്ളം ലഭ്യമാണ് . എല്ലാ അങ്കണവാടികളിലും അടുക്കളക്ക് പ്രത്യേകം മുറിയുണ്ട് . എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും , ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ് . സെന്റർ നം . 30 അങ്കണവാടികളിലും റേഡിയോ ഉണ്ട് . 29 അങ്കണവാടികളിൽ ഫാനുണ്ട് . മറ്റ് അടിസ്ഥാന , പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 1-42 ഹരിതകർമ്മസേന

മാലിന്യ നിർമ്മാർജ്ജനത്തിനൊപ്പം സംരംഭകത്വശേഷിവികസനവുംപ്രാപ്തമാക്കുന്നവിധമാണ് ഈ തൊഴിൽ സംരംഭം വിഭാവനം ചെയ്തിരിക്കുന്നത് . ഹരിതകർമ്മസേനയുടെപ്രവർത്തനം സംബന്ധിച്ച് ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരങ്ങളുടെഅടിസ്ഥാനത്തിലുള്ളവിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചത് 2019 ജൂലൈ 11 മുതലാണ് .ഒരു വാർഡൊഴികെ എല്ലാ വാർഡിലും ഹരിതകർമ്മസേനാംഗങ്ങൾ ഉണ്ട് . 5 വാർഡിൽ ഓരോ അംഗങ്ങൾ വീതവും ബാക്കി 13 വാർഡിൽ 2 അംഗങ്ങൾ വീതവും ഉണ്ട് . ഹരിതകർമ്മസേനയെ 6 മൈക്രോസംരംഭ ഗ്രൂപ്പുകളാക്കിയിട്ടുണ്ട് . മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട തൊഴിൽ അവസരങ്ങൾ പ്രയോജനപ്പെടുത്തി ടി പ്രവർത്തനങ്ങളിലൂടെ വരുമാനം കണ്ടെത്തുന്ന തൊഴിൽ ഗ്രൂപ്പുകളാണ് ഹരിതകർമ്മസേന മൈക്രോ സംരംഭ ഗ്രൂപ്പുകൾ .

മൈക്രോ സംരംഭ ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ ഡിസ് ഇൻഫക്ഷൻ ടീം , ജൈവ വള യൂണിറ്റ് എന്നിവ നിലവിൽ പ്രവർത്തിക്കുന്നു . പ്ലാസ്റ്റിക് ശേഖരിക്കാനും തരംതിരിക്കാനും നിലവിൽ പരിശീലനം നൽകിയിട്ടുള്ളതായി പഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുണ്ട് . രണ്ടാം ഘട്ട പരിശീലനമായി ഹരിതസേന സംരംഭ സാധ്യതകൾ (കൃഷി , ഗ്രീൻ പ്രോട്ടോക്കോൾ , സ്വാപ് ഷോപ്പ് , റിപ്പയറിംഗ് ) എന്ന വിഷയത്തിലും മൂന്നാം ഘട്ടം ജൈവ കൃഷി മേഖലയിലെ സാധ്യതകൾ ( ജല സംരക്ഷണം , സോളാർ , ഗാർഡനിംഗ് , ടെറസ് ഫാമിംഗ് ) എന്നിവയിലും കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ പരിശീലനം നല്കേണ്ടതാണ് . മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വരുന്ന വാണിജ്യ അവസരങ്ങൾ ഒരു തൊഴിൽ സംരംഭം എന്ന നിലയിൽ പ്രയോജനപ്പെടുത്തി ഇതിലേർപ്പെടുന്ന തൊഴിൽ സംരംഭകർക്ക് മികച്ച വരുമാനം ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് . ഓരോ മൈക്രോസംരംഭ ഗ്രൂപ്പുകൾക്കും പ്രസിഡന്റ് , സെക്രട്ടറി , ട്രഷറർ എന്നീ ഭാരവാഹികളും സ്വന്തമായി ബാങ്ക് അക്കൗണ്ടും ഉണ്ടായിരിക്കേണ്ടതാണ് .

പ്രദേശത്തെ വീടുകളും സ്ഥാപനങ്ങളും നിശ്ചിത ഇടവേളകളിൽ സന്ദർശിച്ച് കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് എം . സി.എഫിൽ എത്തിക്കുന്നതോടൊപ്പം ജൈവമാലിന്യങ്ങൾ സംസ്കരിച്ച് കൃഷിക്ക് വേണ്ടി പ്രയോജനപ്പെടുത്തുന്നതിന് വേണ്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുക , പൊതുമാലിന്യ സംസ്കരണസംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സേവനങ്ങൾ നൽകുക , ജൈവമാലിന്യ – ഉറവിട സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സേവനം നൽകുക . പ്രദേശത്ത് നടക്കുന്ന പൊതു സ്വകാര്യ ചടങ്ങുകൾ ( ഉദാ : വിവാഹ സൽക്കാരങ്ങൾ , ഉൽസവങ്ങൾ , മറ്റ് ആഘോഷങ്ങൾ ) തുടങ്ങിയവ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം നടത്തുന്നതിന് വേണ്ട സേവനം നൽകൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഹരിതസംരംഭഗ്രൂപ്പുകൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ് .

ഹരിതസംരംഭ ഗ്രൂപ്പുകൾ തദ്ദേശ സ്ഥാപനം നിർദ്ദേശിക്കുന്ന രീതിയിൽ യൂസർ ഫീ ശേഖരിച്ച് ഗ്രൂപ്പ് അക്കൗണ്ടിൽ നിക്ഷേപിച്ച് അതിൽ നിന്നും 10% കോർപ്പസ് ഫണ്ട് ഹരിത കൺസോർഷ്യത്തിൽ അടച്ച് ബാക്കി തുക സംരംഭകർ വീതിച്ചെടുക്കേണ്ടതാണ് .ഹരിതസംരംഭകർ നൽകുന്ന 10% കോർപ്പസ് ഫണ്ട് ഹരിത കൺസോർഷ്യം സെക്രട്ടറി പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ടി ഹരിതസംരംഭ യൂണിറ്റിന് ലഭിച്ച തുകയുടെ രസീത് നൽകേണ്ടതുമാണ് . എന്നാൽ ഹരിതസംരംഭ ഗ്രൂപ്പുകളുടെ പേരിൽ നിലവിൽ ബാങ്ക് അക്കൗണ്ട് തുറന്ന് പ്രവർത്തിക്കുന്നില്ല . ഹരിതകർമ്മസേന ശേഖരിക്കുന്ന യൂസർ ഫീ കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിലാണ് അടക്കുന്നത് . മാലിന്യശേഖരണത്തിനായി 30/- രൂപ നിരക്കിൽ യൂസർ ഫീ ഈടാക്കുന്നു . യൂസർഫീ കൂടാതെ പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിക്ക് കൊടുക്കുന്ന ഇനത്തിലും വരുമാനം ലഭിക്കുന്നു . മാലിന്യം കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ഹരിതകർമ്മസേന /കൺസോർഷ്യം ചുവടെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ് .

01 ) അറ്റൻഡൻസ് രജിസ്റ്റർ

02 ) മിനിറ്റ്സ് ബുക്ക്

03 ) ക്യാഷ് ബുക്ക്

04 ) സ്റ്റോക്ക് രജിസ്റ്റർ - എം.സി.എഫിൽ നിന്നും ആർ.ആർ.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ

തരംതിരിച്ചുള്ള അളവ് ഈ രജിസ്റ്ററിൽ രേഖപ്പെടുത്താവുന്നതാണ് . നിലവിൽ ക്ലീൻ കേരള കമ്പനിക്ക് നൽകുന്ന പ്ലാസ്റ്റിക്കിന്റെ അളവ് മാത്രമാണ് സ്റ്റോക്കിൽ ചേർക്കുന്നത് . വാർഡുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക്കിന്റെ കണക്കും സ്റ്റോക്കിൽ ചേർക്കേണ്ടതാണ് .

പ്രിന്റ് ചെയ്യുന്ന രസീതു ബുക്കുകളുടെ കണക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും ആർക്ക് കൊടുത്തു , നീക്കിബാക്കി എന്നിവ രേഖപ്പെടുത്തുന്നില്ല .

ഹരിത കൺസോർഷ്യത്തിന്റെ കണക്ക് പുസ്തകങ്ങൾ സെക്രട്ടറി എഴുതി സൂക്ഷിക്കേണ്ടതാണ്.ഹരിതസംരംഭം , ഹരിതകൺസോർഷ്യം എന്നിവയുടെ ഓഡിറ്റിംഗ് കാസ് മുഖേന എല്ലാ സാമ്പത്തിക വർഷവും പൂർത്തീകരിക്കേണ്ടതാണ് .

.

## 1-43 ലൈഫ് ഭവന പദ്ധതി

01 ) 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതി സംബന്ധിച്ച് വി.ഇ.ഒ.ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2019-20 | 12 | 13 | 05 | - | 108 | 28 |

02 ) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2019-20 | 2377144 | 4492697 | 2830000 | 6177294 | 12200000 | 28077135 |

03) 2019-20 വർഷത്തിൽ എഗ്രിമെന്റ് വച്ച വാർഡ് 11ലെ സ്മിത സുനിൽ മൈലാട്ടും മുകൾ എന്ന എസ് .സി . ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല (അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം ) . ടിയാൾ 300000/- ലക്ഷം രൂപ കൈപ്പറ്റിയിട്ടുണ്ട് . നിലവിൽ ഈ ഗുണഭോക്താവ് ഭവനം പൂർത്തീകരിച്ചതായി വി .ഇ.ഒ. അറിയിച്ചിട്ടുണ്ട് . ടിയാൾക്ക് അവസാന ഗഡു നൽകേണ്ടതും വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് .

ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും, കരാർ പത്രത്തിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല . ഭവന നിർമ്മാണത്തിന്റെ വിവിധ സ്റ്റേജുകളുടെ ഫോട്ടോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല . സ.ഉ.(കൈ)നം 34/2018/ത.സ്വ.ഭ.വ./തിരുവനന്തപുരം /16-03-2018 പ്രകാരം ഭവന നിർമ്മാണഘട്ടങ്ങളുടെ ഫോട്ടോ തദ്ദേശസ്വയംഭരണ സ്ഥാപനം സ്വന്തം ചെലവിൽ എടുക്കുന്നതിന് വേണ്ട ക്രമീകരണം ചെയ്യണമെന്ന് നിർദ്ദേശമുള്ളതാണ് . ടി ഉത്തരവിന്റെ അനുബന്ധം 3 മാതൃകയിൽ കരാർ വയ്ക്കേണ്ടതുമാണ് . ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് നൽകിയ വിശദീകരണത്തിൽ ഗുണഭോക്താക്കളുടെ കരാർപത്രത്തിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതും നിർമ്മാണഘട്ടങ്ങളുടെ ഫോട്ടോ ( നിലവിൽ ഫയലിൽ ടാഗ് ചെയ്യാതെ സൂക്ഷിക്കുന്നത് ) ബന്ധപ്പെട്ട ഫയലുകളിൽ തന്നെ ടാഗ് ചെയ്ത് സൂക്ഷിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് . പദ്ധതി മോണിട്ടറിംഗ് സമിതി മോണിട്ടർ ചെയ്തിട്ടില്ല .

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ഓട്ടോറിക്ഷാ വാങ്ങൽ -സബ്സിഡിയിൽ അധികരിച്ച് 60000 രൂപ ചെലവഴിച്ചിരിക്കുന്നു

പ്രോജക്റ്റ് നം - 138/20

പേര് - വനിതകൾക്ക് ഓട്ടോ

ചെലവ് - 210000 (ട്രഷറി ബിൽ നം .02/2019-20/20-04-2019 )
നിർവഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

മേൽ പ്രോജക്റ്റ് പ്രകാരം ഓട്ടോറിക്ഷാ വാങ്ങിയതിന് ജനറൽ വിഭാഗത്തിൽപ്പെട്ട 3 പേർക്ക് ആനുകൂല്യം വിതരണം ചെയ്തിട്ടുണ്ട് . ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

1 ) രാജലക്ഷ്മി , രാജി ഭവനം , ഉളവക്കാട്

2) രേവതിമോൾ , കാഞ്ഞിരവിളയിൽ , പയ്യന്നൂർ

3) സുബീന , മംഗലത്ത് വടക്കേതിൽ , എരുമക്കുഴി

ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് അനുവദനീയമായ സബ്സിഡി 50000/- രൂപ നിരക്കിലാണെങ്കിലും ഒരാൾക്ക് 70000/- രൂപ വീതം അനുവദിച്ചിട്ടുണ്ട് . ഒരു ഗുണഭോക്താവിന് 20000 രൂപ വീതം അധികമായി ആനുകൂല്യം നൽകിയിട്ടുണ്ട് . ഇപ്രകാരം 60000/- രൂപ വികസന ഫണ്ടിൽ നിന്നും അധികത്തിൽചെലവഴിച്ചിട്ടുണ്ട് .ടി തുക ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കാൻസാധിക്കാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കി വികസന ഫണ്ടിൽ അടക്കേണ്ടതാണ് . വാഹനം വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയിസ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല . ഈസ്റ്റ് വെനീസ് ഓട്ടോസ് , സനാതനപുരം , ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ പ്രൊഫോമ ഇൻവോയിസ് മാത്രമെ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളു . സുബീന , മംഗലത്ത് വടക്കേതിൽ , എരുമക്കുഴിഎന്ന ഗുണഭോക്താവിന്റെ വാഹന രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല . മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 23/19-20 ന് നൽകിയ മറുപടിയിൽ സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺഅക്കൗണ്ടിലേക്കാണ് നൽകിയതെന്നും ഓട്ടോറിക്ഷ വാങ്ങിയതിന് ശേഷമേ വാഹനം വാങ്ങിയത് സംബന്ധിച്ച ടാക്സ് ബിൽ ഗുണഭോക്താവിന് ലഭിക്കുകയുള്ളു എന്നും മറുപടി നൽകിയിട്ടുണ്ട് .ഗുണഭോക്താക്കൾ ലോൺ എടുത്തത് സംബന്ധിച്ച വിശദാംശം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല . ട്രഷറി ബില്ലിൽ കാണിച്ചിട്ടുള്ളത് പ്രകാരം സബ്സിഡി തുക അനുവദിച്ചിരിക്കുന്നത് ഈസ്റ്റ് വെനീസ് ഓട്ടോസ് , സനാതനപുരം , ആലപ്പുഴ എന്ന സ്ഥാപനത്തിനാണ് . ഓട്ടോ വാങ്ങിയത് സംബന്ധിച്ച സ്ഥാപനത്തിൽ നിന്നുള്ള ഒറിജിനൽ ഇൻവോയിസ് , സുബീന , മംഗലത്ത് വടക്കേതിൽ , എരുമക്കുഴി എന്ന ഗുണഭോക്താവിന്റെ വാഹന രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമല്ലാത്തതിനാൽ തിരികെ ഈടാക്കാൻ നിർദ്ദേശിച്ച 60000/- രൂപ കഴിച്ചുള്ള 150000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു .

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്കുള്ള ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 750000 | നെൽകൃഷി വിസ്തൃതി വ്യാപിക്കൽ (ജനറൽ) | 0 | 750000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | പാലിന് സബ്സിഡി | 300000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (ജനറൽ) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 300000 | പാലിന് സബ്സിഡി(ജനറൽ) | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 779497 | ലൈഫ് ഭവന നിർമ്മാണം(എസ്സ്.സി) | 0 | 779497 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 529400 | ലൈഫ് ഭവന പദ്ധതി(എസ്സ്.ടി) | 529400 | ० |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1787598 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 1523800 | 263798 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 620000 | ലൈഫ് പദ്ധതി(എസ്സ്.സി.പി) | 620000 | ० |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1288281 | ലൈഫ് പദ്ധതി-(എസ്സ്.സി) ഭൂമി വാങ്ങൽ | 1040000 | 248281 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | നെൽകൃഷി വിസ്തൃതി വ്യാപിക്കൽ (ജനറൽ) | 0 | 200000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | പാലിന് സബ്സിഡി(ജനറൽ) | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 375000 | അനുപൂരകപോഷകാഹാരം അങ്കണവാടികളിൽ(ജനറൽ) | 100000 | 275000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1630000 | ലൈഫ് ഭവന നിർമ്മാണം(ജനറൽ) | 1630000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 500000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 464100 | 35900 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 75000 | അനുപൂരകപോഷകാഹാരം അങ്കണവാടികളിൽ (എസ്സ്.സി) | 0 | 75000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 600000 | വിദ്യാർത്ഥികൾക്ക് പഠനമുറി (എസ്സ്.സി) | 600000 | 0 |

4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 19070852 01450/ | 7,00,000 | 0 | 7,00,000 |

| | | | | | |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | (പ്രോജക്റ്റ് നം.46/19 | 07-01-2020 | | | |
| കേരള വാട്ടർ അതോറിറ്റി | എസ് സി കോളനി കുടിവെള്ള പദ്ധതി | ബിൽ നം. 3/13.5.19) | 3,00,000 | 0 | 3,00,000 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-4 വായ്പ/ വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | ലഭ്യമല്ല | 6437294 | 22742706 | 1117647 | | 28062353 |

4-5 സ്ഥിര നിക്ഷേപം

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല.

4-8 ചാർജ്ജ്/ സർചാർജ്ജ് നടപടിയുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 90736186 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 93733293 |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 60,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14,43,184 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 60000 | കലാജി പ്രീത .എസ് . ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ |
| ആകെ | | 60000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 1,50,000 | കലാജി പ്രീത .എസ് . ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ |
| 1-28 | 3,05,458 | കലാജി പ്രീത .എസ് . ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ |
| 1-29 | 3,00,000 | നാസില.സി.എ അസിസ്റ്റന്റ് സെക്രട്ടറി |
| 1-30 | 1,90,000 | പി.വി.മണിയപ്പൻ സെക്രട്ടറി |
| 1-37 | 4,97,726 | പി.വി.മണിയപ്പൻ സെക്രട്ടറി |
| ആകെ | 14,43,184 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ :- ഇല്ല.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ മിനി സിവിൽ സ്റ്റേഷൻ പാറശ്ശാല | കലാജി പ്രീത .എസ് കലാഭവൻ ,ആനക്കുഴി , മീൻമുട്ടി പി.ഒ. പച്ച 695562 , തിരുവനന്തപുരം |

| | | |
|---|---|---|
| നാസില.സി.എ<br>അസിസ്റ്റന്റ്<br>സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്<br>അമ്പലപ്പുഴ നോർത്ത്<br>ഗ്രാമ പഞ്ചായത്ത് | കുരികളകത്ത് ഹൌസ്<br>വലിയമരം പി.ഒ<br>ആലപ്പുഴ |
| പി.വി.മണിയപ്പൻ<br>സെക്രട്ടറി | സെക്രട്ടറി<br>അരൂർ ഗ്രാമ പഞ്ചായത്ത് | പുത്തൻതറ<br>എഴുപുന്ന.പി.ഒ<br>ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07, 2007-08, 2008-09, 2009-10 | എൽ.എഫ്.എ.1577/13/12.5.14 |
| 2010-11, 2011-12 | എൽ.എഫ്.എ .പി6-369/2014/9.6.14 |
| 2012-13 | എൽ.എഫ്.പി6—149/2015/ 30.03.15 |
| 2013-14 | എൽ.എഫ്.എ.പി6—1077/2015/ 1.9.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി6/ 823/16/28.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി 6/ 1332/16/02.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി 6/ 1369/17/15.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി 6 /153/2019/16.05.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി 3/ 807/2020/30-12-2020 |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്